**കേരള സർക്കാർ**

**Government of Kerala**

**പൊതുവിദ്യാഭ്യാസ വകുപ്പ്**

**Department of General Education**

# എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനം - ഒരു വഴികാട്ടി

# A Guide to Reservation&Appointment of Persons with Disabilities in Aided Schools

# <u>എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണം</u>

## <u>ആമുഖം</u>

സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് നിയമനത്തിൽ സംവരണം ഉറപ്പാക്കുന്നതിനായി സർക്കാർ ഇതിനോടകം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്. 1995-ലെ Persons with Disabilities (PwD) Act ന്റെ സെക്ഷൻ 33, 39 എന്നിവ പ്രകാരം 3 ശതമാനവും, 2016-ലെ Rights of Persons with Disabilities (RPwD) Act ന്റെ സെക്ഷൻ 34(1) പ്രകാരം4 ശതമാനവും ഭിന്നശേഷി വിഭാഗക്കാർക്ക് സംവരണം നടപ്പിലാക്കണമെന്ന് നിയമപരമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.ഈ നിയമങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ ഭിന്നശേഷി വിഭാഗങ്ങൾക്ക് നിയമനത്തിൽ സംവരണം ഉറപ്പാക്കേണ്ടതുണ്ട്.

1996 ഫെബ്രുവരി 7 മുതൽ 2017 ഏപ്രിൽ 18 വരെ 3% സംവരണവും, 2017 ഏപ്രിൽ 19 മുതൽ 4% സംവരണവും നടപ്പിലാക്കേണ്ടതിന്റെ വിശദാംശങ്ങൾ, ബാക്ക്‌ലോഗ് ഒഴിവുകൾ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ, റോസ്റ്റർ തയ്യാറാക്കൽ, തസ്തികകളുടെ വർഗ്ഗീകരണം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമന പ്രക്രിയകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ബഹു കേരള ഹൈക്കോടതിയുടെയും ബഹു സുപ്രീം കോടതിയുടെയും വിവിധ വിധിന്യായങ്ങൾ, തുടർന്നുള്ള സർക്കാർ ഉത്തരവുകൾ, ദിവസവേതന/പ്രൊവിഷണൽ നിയമനങ്ങൾ, ശമ്പള ആനുകൂല്യങ്ങൾ, റഗുലറൈസേഷൻ, മറ്റ് അവകാശങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരണവും ഉൾക്കൊള്ളുന്നു.

ഈ രേഖയിൽ പ്രതിപാദിച്ചിരിക്കുന്ന വിവരങ്ങൾ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണത്തെയും നിയമനാംഗീകാരത്തെയും സംബന്ധിച്ചുള്ള വിവിധ സർക്കാർ ഉത്തരവുകൾ, കോടതി വിധിന്യായങ്ങൾ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശങ്ങൾ മുതലായവയിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ചതാണ്. ഇത് സംബന്ധിച്ച് സംശയങ്ങളോ തർക്കങ്ങളോ ഉള്ള പക്ഷം അസ്സൽ ഉത്തരവുകൾ , കോടതി വിധികൾ മുതലായവ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണത്തെയും നിയമനാംഗീകാരത്തെയും സംബന്ധിച്ച് ഇതൊരു വഴികാട്ടി മാത്രമാണ്

## <u>നിയമപരമായ പശ്ചാത്തലവും കോടതി വിധികളും</u>

1995-ലെ PwD ആക്ട് പ്രകാരം, എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും 3% ഒഴിവ് ഭിന്നശേഷിക്കാർക്കായി നീക്കിവെക്കേണ്ടതുണ്ട്. 2016-ലെ RPwD ആക്ട് ഈ സംവരണം 4 ശതമാനമാക്കിമാറ്റി കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തി. എന്നാൽ, എയ്ഡഡ് സ്കൂളുകളിൽ ഈ വ്യവസ്ഥകൾ പാലിക്കപ്പെടാത്തതിനെ തുടർന്ന്, ഹർജികളും കോടതികളിൽ നിന്ന് നിരവധി വിധികളും ഉണ്ടായി.

ബഹു കേരള ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച്, ഡിവിഷൻ ബെഞ്ച് വിധികളും, ബഹു സുപ്രീം കോടതിയിൽ നിന്നുള്ള എസ്.എൽ.പി. (സി) 8030/2021, 9566/2023 തുടങ്ങിയ കേസുകളിലെ തീർപ്പുകളും ആണ് ഇതുമായി ബന്ധപ്പെട്ട് പുറത്തിറക്കിയിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനം. 2021-ന് ശേഷമുള്ള ഉത്തരവുകളിൽ, 18/11/2018 മുതൽ ഉണ്ടായ ഒഴിവുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത, പ്രൊവിഷണൽ/ദിവസവേതന നിയമനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, റഗലറൈസേഷൻ, ശമ്പള ആനുകൂല്യങ്ങൾ, പി.എഫ്, ഗ്രൂപ്പ് ഇൻഷുറൻസ്, എസ്.എൽ.ഐ, ജി.പി.എ.ഐ.എസ് തുടങ്ങിയവയ്ക്കുള്ള അനുമതികൾ എന്നിവ വിശദമാക്കിയിട്ടുണ്ട്.

## ലക്ഷ്യവും പ്രാധാന്യവും

എയ്ഡഡ് സ്കൂൾ മാനേജർമാർ, വിദ്യാഭ്യാസ ഓഫീസർമാർ, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ, മറ്റ് അനുബന്ധ വിഭാഗങ്ങൾ എന്നിവർക്ക് ഭിന്നശേഷി സംവരണം സുതാര്യമായും നീതിപൂർവ്വമായും നടപ്പിലാക്കുന്നതിനുള്ള ഒരു വഴികാട്ടിയായി ഈ രേഖയെ കണക്കാക്കാവുന്നതാണ്. തസ്തികകളുടെ വർഗ്ഗീകരണം (പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, നോൺ-ടീച്ചിംഗ്), റോസ്റ്റർ തയ്യാറാക്കൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള റിക്രൂട്ട്മെന്റ്, ജില്ലാതല, സംസ്ഥാനതല സമിതികളുടെ പ്രവർത്തനം, ബാക്ക്‌ലോഗ് ഒഴിവുകൾ നികത്തൽ എന്നിവയെല്ലാം പ്രതിപാദിച്ചിട്ടുണ്ട്.

നാളിതുവരെയുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ഈ രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകിച്ച് 18/11/2018 മുതലുള്ള ഒഴിവുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, താൽക്കാലിക നിയമനങ്ങൾക്കുള്ള അംഗീകാരം, ശമ്പള സ്കെയിൽ അനുവദിക്കുന്നത്, മുൻഗണനാ ക്രമം, സംരക്ഷിത അധ്യാപകർ,കെ.ഇ.ആർ പ്രകാരമുള്ള അവകാശികൾ എന്നിവ ഭിന്നശേഷി നിയമനത്തെ ബാധിക്കുമോ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭിന്നശേഷി വിഭാഗക്കാർക്ക് അവരുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിനും, മാനേജർമാർക്കും വിദ്യാഭ്യാസ അധികാരികൾക്കും നിയമപരമായ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കി നടപ്പിലാക്കുന്നതിനും ഇത് ഒരു പ്രായോഗിക സഹായിയായിരിക്കും.

-----------------------------

## വിവരണം

**Persons With Disabilities Act (PwD Act) 1995,** സെക്ഷൻ **33** പ്രകാരം കാഴ്ച പരിമിതർ, ശ്രവണ പരിമിതർ, ചലനശേഷി പരിമിതരും സെറിബ്രൽ പാൾസിയും എന്നീ വിഭാഗങ്ങളിലായി **3%** ഭിന്നശേഷിസംവരണം പാലിച്ച് എല്ലാ എസ്റ്റാബ്ലിഷ്മെന്റ്ുകളും നിയമനം നൽകേണ്ടതുണ്ട്. കൂടാതെ, പ്രസ്തുത ആക്ടിലെ സെക്ഷൻ **39** പ്രകാരം എല്ലാ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളും, ഗവൺമെന്റിൽ നിന്നും സഹായം ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും **3 ശതമാനം** സീറ്റുകൾ ഭിന്നശേഷിക്കാർക്കായി മാറ്റിവയ്ക്കേണ്ടതായിട്ടുമുണ്ട്. തുടർന്ന് പുറപ്പെടുവിക്കപ്പെട്ട **RPwD Act 2016** ലെ സെക്ഷൻ **34(1)** പ്രകാരം ഓരോ ഗ്രൂപ്പ് ഓഫ് തസ്തികകളുടെയും കേഡർ സ്ട്രെങ്ങ്തിന്റെ ആകെയുള്ള ഒഴിവുകളിൽ **4** ശതമാനത്തിൽ കുറയാത്ത ഒഴിവുകളിൽ ഭിന്നശേഷിക്കാർക്ക് സംവരണം നൽകി നിയമനം നടത്തേണ്ടതുണ്ട്. ടി ആക്ടിന്റെ സെക്ഷൻ **2(k)** പ്രകാരം സർക്കാരിൽ നിന്നും സഹായം ലഭിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഭിന്നശേഷിസംവരണ വ്യവസ്ഥകളുടെ പരിധിയിൽ വരുന്നു. ടി **4 ശതമാനത്തിൽ** താഴെ പറയുന്ന A മുതൽ C വരെ കാറ്റഗറിയിലുള്ളവർക്ക് **1%** വും **D, E** കാറ്റഗറിയിലുള്ള രണ്ട് വിഭാഗക്കാർക്കും കൂടി **1%** ഉം സംവരണം ചെയ്തിട്ടുണ്ട്. (ആയതിന് **19/04/2017** മുതൽ പ്രാബല്യമുണ്ട്.)

A. **Blindness and low vision.**

B. **Deaf and Hard of hearing.**

C. **Loco motor Disabilities including Cerebral palsy, Leprosy cured, dwarfism, acid attack victims and muscular dystrophy.**

D. **Autism, Intellectual disability, Specific learning disability and mental illness.**

E. **Multiple disabilities amongst person under clause (A) to (D) including deaf blindness in the posts identified for each disabilities.**

2. ടി ആക്ടിലെ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ, ഭിന്നശേഷി വിഭാഗക്കാർക്ക് **15/02/1996** മുതൽ **3%** സംവരണവും തുടർന്ന് **19/04/2017** മുതൽ **4%** സംവരണവും നൽകി പി.എസ്.സി വഴി നിയമനം നടത്തി വരുന്നു.

3. സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് മേൽ സൂചിപ്പിച്ച പ്രകാരം സംവരണം നടപ്പിലാക്കപ്പെടുന്നില്ല എന്ന് പരാതി ഉന്നയിച്ചുകൊണ്ട് വിവിധ കോടതികളിൽ കേസുകൾ വരികയും,സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ, **Personswith Disabilities Act (PwD Act) 1995, RPwD Act2016** എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഭിന്നശേഷി വിഭാഗക്കാർക്ക് അർഹമായ സംവരണം നടപ്പിലാക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിക്കൊണ്ട് ബഹു. കോടതികൾ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ആയതനുസരിച്ച് **09/09/2016** ലെ സ.ഉ. (കൈ.)**155/16**/പൊ.വി.വ പ്രകാരം**PwD Act 1995** സെക്ഷൻ 33 അനുസരിച്ച് ഭിന്നശേഷി വിഭാഗക്കാർക്ക് 3% ൽ കുറയാത്ത തസ്തികകൾ കണ്ടെത്തി സംവരണം ചെയ്യേണ്ടതുണ്ടെന്നതിനാൽ എയ്ഡഡ് സ്കൂളുകളിൽ ഓരോ വിഭാഗത്തിലും കണ്ടെത്തിയിട്ടുള്ള തസ്തികകളിലെ **3%** ഒഴിവുകളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് സംവരണം നൽകുവാനായി കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പ് 11 ലും, കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം **XIV** എ, ചട്ടം (1) ലും ഭേദഗതി വരുത്തുവാൻ തീരുമാനിച്ച് ഉത്തരവായിരുന്നു.

4. സാമൂഹ്യ നീതി വകുപ്പിന്റെ **18/11/2018** ലെ സ.ഉ.(അച്ചടി) നമ്പർ **18/2018**/എസ്.ജെ.ഡി പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലും, എയ്ഡഡ് കോളേജുകളിലും ഭിന്നശേഷി വിഭാഗത്തിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള തസ്തികകളിൽ **(17/10/2012** ലെ സ.ഉ.(അച്ചടി)നം. **61/12**/എസ്.ഡബ്ല്യു.ഡി, **03/01/2013** ലെ സ.ഉ.(അച്ചടി)നം.**1/2013**/എസ്.ജെ.ഡി, **04/04/2013** ലെ സ.ഉ.(അച്ചടി) നം. **30/13**/എസ്.ജെ.ഡി, **05/01/2015** ലെ സ.ഉ.(അച്ചടി)നം.**1/2015**/എസ്.ജെ.ഡി എന്നിവ പ്രകാരം) **07/02/1996** മുതൽ കേഡർ സ്ട്രെങ്ങ്തിന്റെ ആകെയുള്ള ഒഴിവുകളിൽ **3%**ഒഴിവുകൾ ഭിന്നശേഷി വിഭാഗക്കാർക്ക് മാറ്റിവെക്കാനും, **07/02/1996** മുതൽ **18/04/2017** വരെ മേൽ പ്രകാരം ബാക്ക് ലോഗ് കണ്ടെത്തി നിയമനം നൽകുവാനും തുടർന്ന് **19/04/2017** മുതൽ കേഡർ സ്ട്രെങ്ങ്തിന്റെ ആകെയുള്ള ഒഴിവുകളിൽ 4% ഭിന്നശേഷി നിയമനത്തിനായി നീക്കിവെക്കാനും നിർദ്ദേശിച്ചിരുന്നു.

5. ബഹു: ഹൈക്കോടതി സിംഗിൾ ബെഞ്ച്, മേൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ശരിവച്ചതിനെ തുടർന്ന് മാനേജർമാർ ഫയൽ ചെയ്ത റിട്ട് അപ്പീൽ നമ്പർ **1242/2020** ഉം സിംഗിൾ ബെഞ്ച് വിധിക്ക് അനുകൂലമായി ഡിവിഷൻ ബെഞ്ച് തീർപ്പാക്കി. ബഹു: കേരള ഹൈക്കോടതിയുടെ പ്രസ്തുത വിധിക്കെതിരെ ഏതാനും മാനേജർമാർ ബഹു: സുപ്രീം കോടതിയെ **SLP 8030/2021** ഉൾപ്പെടെയുള്ളവിവിധ ഹർജികൾ പ്രകാരം സമീപിച്ചിരുന്നെങ്കിലും ബഹു: കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് വിധി പാലിച്ചുകൊള്ളാമെന്നും, **SLP** പിൻവലിക്കുകയാണെന്നും ബഹു സുപ്രീംകോടതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ **05/07/2021** ന് ബഹു സുപ്രീം കോടതി പ്രസ്തുത കേസുകൾ തള്ളിക്കൊണ്ട് വിധി പ്രസ്താവിച്ചു.

6. **15/07/2021** മുതൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നടത്തിയ നിയമനങ്ങളുടെ പ്രൊപ്പോസലുകൾ പൂർണ രൂപത്തിലാണെങ്കിൽ ആയത് **24/09/2021** നകം തീർപ്പ കൽപ്പിക്കേണ്ടതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ **06/09/2021** ലെ എച്ച്2/**19500/2019**/ഡി ജി ഇ നം കത്തിലൂടെ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ, ഭിന്നശേഷി വിഭാഗക്കാർക്ക് നിയമനം ലഭിക്കുന്നില്ല എന്ന് ചൂണ്ടിക്കാട്ടി ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരും, കേരള ഫെഡറേഷൻ ഫോർ ദി ബ്ലൈൻഡും ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 19808/2021 ന്മേൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ 06/09/2021 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്2/**19500/2019/**ഡി ജി ഇ നം കത്ത് സ്റ്റേ ചെയ്തു.

7. ഭിന്നശേഷിക്കാർക്ക് എയ്ഡഡ് സ്കൂൾ നിയമനത്തിൽ സംവരണം നൽകുന്നതിനായി **08/11/2021** സ.ഉ.(അച്ചടി)നം**19/2021**/പൊ.വി.വ പുറപ്പെടുവിക്കു കയുണ്ടായി. ആയതിൽ 1995 **PwD Act** അനുസരിച്ച് **07/02/1996** മുതൽ **18/04/2017** വരെ ഭിന്നശേഷി നിയമനത്തിനായി വിവിധ സർക്കാർ ഉത്തരവുകളിലൂടെ അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള തസ്തികകളിലെ ഒഴിവുകൾ കണ്ടെത്തുന്നതിന്/ കണ്ടെത്തുന്ന ഒഴിവുകളിൽ നടത്തുന്ന നിയമനങ്ങളുടെ 3% ഒഴിവുകൾ ബാക്ക് ലോഗായി കണക്കാക്കി ഉടൻ പ്രാബല്യത്തിൽ നികത്തണമെന്നും 19/04/2017 മുതൽ ഉണ്ടായ ഒഴിവുകളിൽ **RPwD Act** പ്രകാരം **4%**ഒഴിവുകൾ ബാക്ക് ലോഗായി കണക്കാക്കി ഉടൻ പ്രാബല്യത്തിൽ നിയമിക്കണമെന്നും നിർദ്ദേശിച്ചു. ബാക്ക് ലോഗ് ഒഴിവുകൾ കണ്ടെത്തുന്നതിനും അപ്രകാരമുള്ള ഒഴിവുകൾ കണ്ടെത്തി ഭാവിയിലുണ്ടാകുന്ന ഒഴിവുകളിൽ നിന്നും നികത്തണമെന്നുമാണ്

ഉത്തരവായിരുന്നത്. (ഇതിനെ ബഹു:കോടതി നിരാകരിച്ചു.) **18/11/2018** ലെ സ.ഉ.(അച്ചടി) 18/2018/എസ്.ജെ.ഡി നമ്പർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം, എല്ലാ എയ്ഡഡ് സ്ഥാപനങ്ങളിലും ഭിന്നശേഷി വിഭാഗക്കാർക്ക് അനുയോജ്യമായ ഒഴിവുകൾ കണ്ടെത്തി, സെലക്ഷൻ നടത്തി നിയമനം നടത്തുന്നതിനും മേൽ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് ഭിന്നശേഷി സംവരണം നടപ്പിൽ വരുത്തുന്നതിനും നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന് **25/06/2022** ലെ സർക്കാർ ഉത്തരവ് (കൈ) നം **111/2022**/പൊ.വി.വ പ്രകാരം, ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി ബാക്ക് ലോഗ് കണ്ടെത്തുന്നതിനും ആയത് നികത്തുന്നതിനുമായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

i. ഭിന്നശേഷി സംവരണം ഇതുവരെയും നടപ്പിലാക്കാത്ത സ്ഥാപനങ്ങൾ **07/02/1996** മുതൽ **18/04/2017** വരെ നടത്തിയ നിയമനങ്ങളിൽ **3** ശതമാനവും **19/04/2017** മുതൽ നടത്തിയ നിയമനങ്ങളിൽ **4** ശതമാനവും ബാക്ക് ലോഗ് ഒഴിവുകളായി കണക്കാക്കി **08/11/2021** മുതൽ ഒഴിവ് വരുന്ന തസ്തികകളിൽ സംവരണം നടപ്പാക്കേണ്ടതാണ്. നിലവിൽ ഭിന്നശേഷിക്കാരെ നിയമിച്ചിട്ടുണ്ട് എങ്കിൽ ആ നിയമനങ്ങൾ ബാക്ക് ലോഗിൽ നിന്നും കുറവ് വരുത്തേണ്ടതാണ്.

ii. ഭിന്നശേഷി സംവരണം ഇതുവരെയും നടപ്പിലാക്കാത്ത മാനേജർമാർ **07/02/1996** മുതൽ **18/04/2017** വരെ നടത്തിയ നിയമനങ്ങൾക്ക് ആനുപാതികമായി ഭിന്നശേഷിക്കാർക്കായുള്ള 3 ശതമാനം നിയമനത്തിനായി 33 വീതമുള്ള ഓരോ ബ്ലോക്കിലും, 19/04/2017 മുതലുള്ള നിയമനങ്ങളിൽ 4 ശതമാനം നിയമനത്തിനായി 25 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യ തസ്തിക ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത് റോസ്റ്റർ, റൊട്ടേഷൻ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്. ആയതിലെ മുൻഗണനാക്രമം ചുവടെ ചേർക്കുന്നു :

A. **Blindness and low vision.**

B. **Deaf and Hard of hearing.**

C. **Loco motor Disabilities including Cerebral palsy, Leprosy cured, dwarfism, acid attack victims and muscular dystrophy.**

D. **Autism, Intellectual disability, Specific learning disability and mental illness.**

E. **Multiple disabilities amongst person under clause (A) to (D) including deaf blindness in the posts identified for each disability.**

.

iii. ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിലെ ആകെ തസ്തികകളെ 7 കാറ്റഗറികളായി തിരിച്ചു.

i. പ്രൈമറി
ii. സെക്കന്ററി
iii. നോൺ ടീച്ചിംഗ്
iv. ഹയർ സെക്കണ്ടറി സീനിയർ
v. ഹയർ സെക്കണ്ടറി ജൂനിയർ
vi. വൊക്കേഷണൽ ഹയർ സെക്കണ്ടറി സീനിയർ
vii. വൊക്കേഷണൽ ഹയർ സെക്കണ്ടറി ജൂനിയർ

iii. കെ.ഇ.ആർ പ്രകാരമുള്ള ചട്ട അവകാശികൾക്ക് വിധേയമായി മാത്രം ഭിന്നശേഷി സംവരണം പാലിച്ച നിയമനം നടത്തേണ്ടതാണ്. അതായത് കെ ഇ.ആർ അധ്യായം XIV എ, ചട്ടം 1 (1) നോട്ട് 1, 43, 51 എ, 51 ബി, XXIV A ചട്ടം 9 അവകാശികൾക്ക് അവകാശപ്പെട്ട ഒഴിവുകൾ ഭിന്നശേഷി നിയമനത്തിനായി പരിഗണിക്കേണ്ടതില്ല.

iv. ഒന്നോ അതിൽ കൂടുതലോ സ്കൂളുകൾ ഉള്ള സിംഗിൾ / കോർപ്പറേറ്റ് മാനേജർമാർ അവരുടെ മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളെ ഒറ്റ യൂണിറ്റായി പരിഗണിച്ചാണ് ബാക്ക് ലോഗ് കണക്കാക്കേണ്ടത്.

v. 8.11.2021-ലെ സ.ഉ.(അച്ചടി) 19/21/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം, ഭിന്നശേഷി സംവരണം പാലിച്ചുള്ള നിയമനം, പ്രസ്തുത ഉത്തരവ് തീയതിയ്ക്ക് ശേഷം ഉണ്ടാകുന്ന ഒഴിവുകളിലായിരിക്കും എന്ന് വ്യക്തമാക്കിയിരുന്ന സാഹചര്യത്തിൽ, 7.11.2021 വരെ മാനേജർമാർ നടത്തിയ നിയമനം ബഹു. ഹൈക്കോടതിയിൽ ഈ വിഷയത്തിൽ നിലനിൽക്കുന്ന കേസുകളുടെ വിധി വന്നശേഷം പ്രസ്തുത വിധിക്കനുസൃതമായി മാത്രമേ അംഗീകരിക്കു എന്നും 8.11.2021 ന് ശേഷമുള്ള നിയമനങ്ങളിൽ ബാക്ക് ലോഗ് (7.2.1996 മുതൽ 7.11.2021 വരെ) ഉൾപ്പെടെയുള്ള ഭിന്നശേഷി സംവരണം പാലിച്ച് മാത്രം മാനേജർമാർ നിയമനം നടത്തേണ്ടതും, ആയത് പരിശോധിച്ച് മാത്രം വിദ്യാഭ്യാസ ഓഫീസർമാർ അംഗീകാരം നൽകേണ്ടതുമാണ് എന്നും ഉത്തരവായിരുന്നു. (ഈ നിബന്ധനയിൽ പിന്നീട് മാറ്റം വരുത്തിയിട്ടുണ്ട്.)

vi. റൊട്ടേഷൻ വ്യവസ്ഥ പ്രകാരം അധ്യാപക/അനധ്യാപക തസ്തികയിലെ ഏതേത് വിഭാഗത്തിൽപ്പെട്ട തസ്തികകളെയൊക്കെ ഭിന്നശേഷി സംവരണത്തിൽ ഉൾപ്പെടുത്താമെന്ന് 25/8/2020 ലെ സ.ഉ.(അച്ചടി) 19/2020/സാ.നീ.വ, 7.5.2019-ലെ സ.ഉ.(അച്ചടി) 5/2019/സാ.നീ.വ എന്നീ ഉത്തരവുകൾ പ്രകാരം വ്യക്തമാക്കിയിരുന്നു. ആയത് പ്രകാരം അർഹതപ്പെട്ട വിഭാഗങ്ങൾക്ക് സംവരണം ലഭിക്കുന്ന രീതിയിൽ റൊട്ടേഷനിലായിരിക്കണം നിയമനം നടത്തേണ്ടത്.

vii. ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത തസ്തികയിൽ ബാക്ക് ലോഗ് ഉൾപ്പെടെയുള്ള നിയമനം നടത്തുന്നതിനായി സ്കൂൾ മാനേജർ, അർഹതയുള്ള ഭിന്നശേഷിക്കാരുടെ ലിസ്റ്റ് എംപ്ലോയ്മെന്റ് ഡയറക്ടറിൽ നിന്നും ആവശ്യപ്പെടേണ്ടതും, അപ്രകാരം ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതുമാണ്. പ്രസ്തുത ലിസ്റ്റ് നിയമന പ്രപ്പോസലിനോടൊപ്പം മാനേജർ സമർപ്പിക്കേണ്ടതാണ്. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത പക്ഷം പ്രധാനപ്പെട്ട 3 മലയാളം ദിനപത്രങ്ങളിലും 2 ഇംഗ്ലീഷ് ദിനപത്രങ്ങളിലും(സ.ഉ. 74/2023 തീ. 09/06/2023 പ്രകാരം രണ്ട് മലയാള പത്രത്തിലും ഒരു ഇംഗ്ലീഷ് പത്രത്തിലും എന്ന് പിന്നീട് ഭേദഗതി വരുത്തുകയുണ്ടായി.) നിയമനത്തിനായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം നൽകേണ്ടതാണ്. **24/03/2025 ലെ സ.ഉ(കൈ) 45/2025/പൊ.വി.വ**

**നമ്പർ ഉത്തരവ് പ്രകാരം ഭിന്നശേഷി സംവരണ നിയമനം ജില്ലാതല സമിതി മുഖേനയാക്കി മാറ്റിയിട്ടുണ്ട്.**

8. തുടർന്ന് ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചിലെ 19808/2021 ഉൾപ്പെടെയുള്ള കേസുകളുടെ 10/8/2022 ലെ അന്തിമ വിധിന്യായത്തിൽ, 8.11.2021-ലെ സ.ഉ.(അച്ചടി) 19/21/പൊ.വി.വ നമ്പർ ഉത്തരവിലെ 8.11.2021 മുതൽ ഒഴിവ് വരുന്ന തസ്തികകളിൽ എന്നത് 18/11/2018 മുതൽ ഒഴിവ് വരുന്ന തസ്തികകൾ എന്നാക്കി ഉത്തരവായി. കൂടാതെ, 15/7/2021 മുതലുള്ള നിയമനങ്ങൾ 24/09/2021 നകം അംഗീകരിക്കുന്നത് സംബന്ധിച്ച പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്തും ബഹു. കോടതി റദ്ദു ചെയ്യുകയുണ്ടായി. 25/06/2022 ലെ സ.ഉ. (കൈ) നം. 111/2022/പൊ.വി.വ ഉത്തരവിലെ മറ്റു നിർദ്ദേശങ്ങൾ ശരിവെക്കുകയും ചെയ്തു.

9. 18/11/2018 ലെ സ.ഉ.(കൈ) നം.18/2018/എസ്.ജെ.ഡി ഉത്തരവിന്റെ പ്രാബല്യത്തീയതിയായ 18/11/2018 ന് ശേഷം നടത്തിയ നിയമനങ്ങളിൽ അംഗീകരിക്കാത്തവ ഭിന്നശേഷി ബാക്ക് ലോഗ് നിയമനങ്ങൾ പൂർത്തിയാക്കിയതിന് ശേഷം മാത്രം അംഗീകരിച്ചാൽ മതി എന്നും നിലവിൽ അംഗീകരിക്കപ്പെട്ട നിയമനങ്ങൾ പുനഃപ്പരിശോധിക്കേണ്ടതില്ല എന്നും വിധി പ്രസ്താവിച്ചു. മേൽ പരാമർശിച്ച വിധിയെത്തുടർന്ന് 19/9/2022 ലെ സ.ഉ. (കൈ) നം.162/2022/പൊ.വി.വ ഉത്തരവ് പ്രകാരം "8.11.2021 മുതൽ ഒഴിവ് വരുന്ന തസ്തികകൾ" എന്നത് "18/11/2018 മുതൽ ഒഴിവ് വരുന്ന തസ്തികകൾ" എന്നാക്കി മേൽ ഖണ്ഡിക 7 vi ൽ ഭേദഗതി വരുത്തുകയുണ്ടായി.

10. 25/06/2022 ലെ സർക്കാർ ഉത്തരവിന്റെയും ബഹു. ഹൈക്കോടതി വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥ പാലിക്കുന്നതിനുള്ള റോസ്റ്റർ തയ്യാറാക്കുന്നതിനും തടസ്സപ്പെട്ടിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിനും 23/11/22-ലെ എച്ച്2/295299/2021/ഡി.ജി.ഇ നമ്പർ സർക്കുലർ പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ വിശദമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലർ പ്രകാരം, ഭിന്നശേഷി സംവരണനിയമനത്തിനായി സെക്കൻഡറി തലം വരെയുള്ള ഒഴിവുകൾ സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസുകളിലും, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗങ്ങളുടെ ഒഴിവുകൾ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസുകളിലാണ് റിപ്പോർട്ട് ചെയ്യേണ്ടതെന്നും ഓഫീസുകളുടെ പേരും അധികാരപരിധിയും നിശ്ചയിച്ചു നൽകുകയും ചെയ്തിരുന്നു. തുടർന്ന്, 25/01/2023 ലെ H2/295299/2021/ഡി.ജി.ഇ കത്ത്

പ്രകാരം റോസ്റ്റർ തയ്യാറാക്കേണ്ടത് സമന്വയ മുഖാന്തിരമാക്കി നിർദ്ദേശം പുറപ്പെടുവിച്ചു.

11. തുടർന്ന് ഡബ്ല്യൂ.പി.(സി) 19808/2021 ഉൾപ്പെടെയുള്ള കേസുകളിൽ 10/08/2022 ൽ ഉണ്ടായ വിധിക്കെതിരെ ഫയൽ ചെയ്ത റിട്ട് അപ്പീൽ 1445/2022, 1602/2022 തുടങ്ങിയ കേസുകളിൽ 13/03/2023 നുണ്ടായ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിന്യായ പ്രകാരം ഡബ്ല്യൂ.പി.(സി)19808/2021 മുതൽ കേസുകളിൽ ബഹു. ഹൈക്കോടതി സിംഗിൾ ബെഞ്ച് പുറപ്പെടുവിച്ച വിധി പരിഷ്കരിക്കുകയും 18/11/2018 നും 08/11/2021 ന് മുമ്പും ഭിന്നശേഷി നിയമനത്തിനായി മാറ്റിവെക്കപ്പെട്ട ഒഴിവുകളിൽ നിയമിക്കപ്പെട്ടവരുടെ അംഗീകാരം, ടി തസ്തികകൾ താൽക്കാലികം എന്ന് കണക്കാക്കി, ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കും വരെ എന്ന വ്യവസ്ഥയോടെ പ്രൊവിഷണൽ അംഗീകാരം നൽകുവാനും, ശമ്പളാനുകൂല്യങ്ങൾ വിതരണം ചെയ്യുവാനും, ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന മുറക്ക് പുറത്ത് പോകുന്ന അദ്ധ്യാപകന് അതേ സ്കൂളിലോ അതേ മാനേജ്മെന്റിലോ അടുത്തുണ്ടാകുന്ന ഒഴിവിൽ, യോഗ്യതയുള്ള പക്ഷം കെ.ഇ.ആർ.അദ്ധ്യായം XIV A ചട്ടം 51 A ക്ക് തുല്യമായ അവകാശിയായി കണക്കാക്കി നിയമനത്തിന് പരിഗണിക്കാനും നിർദ്ദേശിച്ചു.

12. ബഹു.ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച്, ഡിവിഷൻ ബഞ്ച് വിധികൾ പൂർണ്ണമായി പാലിക്കും വരെ എയ്ഡഡ് സ്കൂൾ മാനേജർമാർക്ക്, 08/11/2021 നു ശേഷമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്താൻ ബഹു.ഹൈക്കോടതി അനുമതി നൽകി. തുടർന്ന് 13/03/2023 ലെ ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, 24/03/2023 ലെ സ.ഉ.(കൈ)നം.29/23/പൊ.വി.വ പ്രകാരം താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി.

I. സമന്വയ വഴി തയ്യാറാക്കിയിട്ടുള്ള റോസ്റ്റർ, ബഹു.ഹൈക്കോടതി വിധിന്യായങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം എയ്ഡഡ് സ്കൂളുകളിലും മാനേജ്മെന്റുകളിലും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനായി ഒഴിവുകൾ മാറ്റി വയ്ക്കേണ്ടതും 18/11/2018 മുതൽ ഉണ്ടായ ഒഴിവുകളിൽ നിയമനാംഗീകാരം ഇല്ലാതെ തുടരുന്ന അധ്യാപക/അനധ്യാപകരെ തൽസ്ഥാനങ്ങളിൽ നിന്നും മാറ്റി പ്രസ്തുത ഒഴിവിൽ ഭിന്നശേഷിക്കാരെ ലഭ്യമാകുന്ന മുറയ്ക്ക് നിയമിക്കേണ്ടതുമാണ്.

II. ഭിന്നശേഷി വിഭാഗക്കാർക്കായി മാറ്റി വച്ച ഒഴിവിൽ ഭിന്നശേഷിക്കാരനായ ഉദ്യോഗാർത്ഥിയെ ആവശ്യപ്പെട്ട കൊണ്ട് മാനേജർ എംപ്ലോയ്മെന്റ് ഓഫീസർക്ക് നൽകിയ റിക്വിസിഷൻ ഫോമിന്റെ പകർപ്പും, ഭിന്നശേഷി സംവരണത്തിനായി മാറ്റി വച്ച ഒഴിവിന്റെ വിവരങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ടും ലഭ്യമാക്കിയാൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെ കാത്തിരിക്കാതെ, ടി ഒഴിവിൽ (18.11.2018 മുതൽ 8.11.2021 വരെയുള്ള ഒഴിവിൽ) നിയമിക്കപ്പെട്ട് തുടരുന്ന അധ്യാപക/അനധ്യാപകർക്ക് മറ്റെല്ലാതരത്തിലും യോഗ്യതയുണ്ടെങ്കിൽ ടി ഒഴിവ് താൽക്കാലികമായി കണക്കാക്കിക്കൊണ്ട് ശമ്പള സ്കെയിലിൽ അംഗീകാരവും അലവൻസുകൾ ഉൾപ്പെടെ ശമ്പളവും നൽകേണ്ടതാണ്. എന്നാൽ, അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുവാനോ, വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കാനോ പാടില്ല. ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതു വരെ ടി നിയമനാംഗീകാരം പരിമിതപ്പെടുത്തിയാണ് ഉത്തരവ് നൽകേണ്ടത്.

III. ഇത്തരത്തിൽ താൽക്കാലിക നിയമനാംഗീകാരം നേടുന്നവർക്ക്, ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നത് മൂലം പുറത്ത് പോകേണ്ടതായി വരുമ്പോൾ, ആ സ്കൂളിൽ/ആ മാനേജ്മെന്റിന്റെ മറ്റ് സ്കൂളുകളിൽ പിന്നീടുണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കപ്പെടാനുള്ള അയാളുടെ മറ്റ് യോഗ്യതകൾക്ക് വിധേയമായി, പുനർനിയമനത്തിന് കെ.ഇ.ആർ അധ്യായം XIV (എ) ചട്ടം 51 എ യ്ക്ക് തുല്യമായ അവകാശം ഉണ്ടായിരിക്കും. ഹയർ സെക്കൻഡറി വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലകളിൽ ചട്ടം 51 എ അവകാശം അനുവദിച്ചിട്ടില്ലാത്തതിനാൽ ഇത്തരം സന്ദർഭങ്ങളിൽ ചട്ടം 51 എ യ്ക്ക് തുല്യമായ മുൻഗണന നൽകാവുന്നതാണ്. 18.11.2018 മുതൽ 08.11.2021 വരെ ഉണ്ടായ ഒഴിവുകളിൽ, 08.11.2021 ന് ശേഷം നിയമിക്കപ്പെട്ട ആൾ ആണെങ്കിലും മേൽപ്പറഞ്ഞ പ്രൊവിഷണൽ നിയമനാംഗീകാര ത്തിന് അർഹതയുണ്ടായിരിക്കും.

IV. 25/06/2022 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 111/2022/പൊ.വി.വ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ചതിന് ശേഷവും സംവരണ നിയമനത്തിനായി ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭിക്കുന്നില്ലെങ്കിൽ പ്രസ്തുത ഒഴിവിൽ പ്രൊവിഷണൽ നിയമനാംഗീകാരത്തോടെ തുടരുന്ന ആളിനെ അയാളുടെ 18.11.2018 ന് ശേഷമുള്ള നിയമനത്തീയതി മുതൽ തന്നെ സ്ഥിരപ്പെടുത്താവുന്നതാണ്.

V. റോസ്റ്റർ പ്രകാരം നിയമിക്കേണ്ട എണ്ണം ഒഴിവുകൾ ഭിന്നശേഷി നിയമനത്തിനായി മാറ്റി വച്ച് മാനേജർ ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ അക്കാര്യവും ഒഴിവുകളുടെ നിജസ്ഥിതിയും ഉറപ്പ വരുത്തിക്കൊണ്ട് 18.11.2018 മുതൽ മാനേജർ നടത്തിയിട്ടുള്ള മറ്റ് അധ്യാപക/അനധ്യാപകരുടെ നിയമനങ്ങൾ അവരുടെ നിയമനത്തീയതി മുതൽ തന്നെ താൽക്കാലികമായി (പ്രൊവിഷണൽ) അംഗീകരിക്കാവുന്നതും ശമ്പളവും മറ്റ് അലവൻസുകളും അനുവദിക്കാവുന്നതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥിയെ ലഭ്യമാക്കി ബാക്ക് ലോഗ് പരിഹരിച്ച് മാനേജർ നിയമിക്കുകയും, അംഗീകാരം നൽകുകയും ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത കാറ്റഗറിയിൽ പ്രൊവിഷണലായി തുടരുന്ന മറ്റ് നിയമനങ്ങൾ നിയമനത്തീയതി മുതൽ തന്നെ വിദ്യാഭ്യാസ ഓഫീസർമാർക്ക് പരിശോധിച്ച് റഗുലറൈസ് ചെയ്യാവുന്നതാണ്.

VI. റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കാത്ത മാനേജ്മെന്റുകളുടെ ബാക്ക് ലോഗ് കണക്കാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത മാനേജ്മെന്റിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകേണ്ടതില്ല. ഇത്തരം മാനേജ്മെന്റുകളിൽ തുടരുന്ന ജീവനക്കാരുടെ നിയമനാംഗീകാരം റോസ്റ്റർ സമർപ്പിച്ച് അംഗീകരിച്ചു നൽകുന്ന മുറയ്ക്ക് പരിഗണിച്ചാൽ മതിയാകും.

VII. RPwD Act 2016 ലെ സെക്ഷൻ 34 ലെ ക്രമപ്രകാരം ഭിന്നശേഷി നിയമനം നടത്തണം.

VIII. 08.11.2021 ന് ശേഷം ഉണ്ടായ ഒഴിവുകളിൽ ദിവസവേതനത്തിൽ നിയമനം നൽകേണ്ടതും, ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്ന മുറയ്ക്ക് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, അത്തരം സ്കൂളുകളിൽ ദിവസവേതനത്തിൽ തുടരുന്നവരെ, അവരുടെ നിയമനത്തീയതി മുതൽ റഗുലറായി ക്രമീകരിക്കാം.

12. തുടർന്ന് 02/05/2023 ലെ സ.ഉ(കൈ) നം.51/2023/പൊവിവ പ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി.

(എ) മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന റഗുലർ ഒഴിവുകളിൽ നിലവിൽ ദിനവേതനാടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തേണ്ടത് എന്നതിനാൽ, അത്തരം നിയമനങ്ങൾക്ക് ഭിന്നശേഷി സംവരണം ബാധകമാക്കേണ്ടതില്ല.

(ബി) മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂൾ പിന്നീട് മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി മാറുമ്പോൾ അത്തരം വിദ്യാലയങ്ങളിലെ നിയമനങ്ങൾക്ക് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഭിന്നശേഷി സംവരണ വ്യവസ്ഥകൾ ബാധകമായിരിക്കും. എന്നാൽ, ഇപ്രകാരം മതിയായ എണ്ണം കുട്ടികളുള്ളതായി മാറുന്ന വിദ്യാലയങ്ങളിൽ, 18.11.2018 ന് മുമ്പുള്ള റഗുലർ ഒഴിവുകളിൽ നിയമിക്കപ്പെടുകയും ദിനവേതനാടിസ്ഥാനത്തിൽ അംഗീകാരത്തോടെ തുടരുകയും ചെയ്യുന്നവരുടെ നിയമനാംഗീകാരം 06/11/2012 ലെ 58604/ജെ2/12/പൊവിവ നമ്പർ സർക്കുലറിലെയും അതുമായി ബന്ധപ്പെട്ട തുടർ ഉത്തരവുകളിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ, ശമ്പള സ്കെയിലിലേക്ക് മാറ്റി ക്രമീകരിക്കുമ്പോൾ അതൊരു പുതിയ നിയമനമായി പരിഗണിക്കേണ്ടതില്ലാത്തതിനാൽ അവരുടെ അത്തരം ക്രമീകരണങ്ങൾക്ക് ഭിന്നശേഷി സംവരണ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

(സി) മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂൾ പിന്നീട് മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി മാറുമ്പോൾ അത്തരം വിദ്യാലയങ്ങളിൽ 18.11.2018 മുതൽ ഉണ്ടായ ഒഴിവുകളിൽ നടത്തുന്ന നിയമനങ്ങൾക്ക് നിലവിലുള്ള ഭിന്നശേഷി സംവരണ വ്യവസ്ഥകൾ ബാധകമായിരിക്കും. എന്നാൽ, 10/8/2022 ലെ വിധിന്യായത്തിൽ പുനഃപരിശോധിക്കേണ്ടതില്ലെന്ന് നിർദ്ദേശിക്കപ്പെട്ട നിയമനാംഗീകാരങ്ങളെ സംബന്ധിച്ച വ്യവസ്ഥ ഇത്തരം വിദ്യാലയങ്ങൾക്കും ബാധകമായിരിക്കും.

(ഡി) മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂളുകളിൽ ദിനവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട് പിന്നീട് സ്കൂളുകളിൽ മതിയായ എണ്ണം കുട്ടികളുണ്ടായി നിയമനം ശമ്പള സ്കെയിലിലേക്ക് മാറുമ്പോഴേക്കും ഉയർന്ന പ്രായപരിധി കഴിയുന്നവരുടെ വിഷയത്തിൽ, 06/02/2021 ലെ സ.ഉ(അച്ചടി) 4/21/പൊവിവ നമ്പർ ഉത്തരവിലെ ഖണ്ഡിക 4(7) പ്രകാരം അനുവദിച്ച ഇളവ് 2019-20 വർഷത്തിന് ശേഷവും തുടരുന്നതാണ്.

13. 01/11/2023 ലെ ജെ.ആർ 1/502/2023- പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം, റോസ്റ്ററിലെ അപാകതയോ, റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ പരിഗണിക്കാതെ 18/11/2018 നും 08/11/2021 നും ഇടയിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണലായും 08/11/2021 ന് ശേഷം ഉണ്ടായ ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിലും ബഹു.ഹൈക്കോടതി, സുപ്രീംകോടതികളിൽ നിലവിലുള്ള കേസുകളിലെ അന്തിമ വിധിക്ക് വിധേയമായി അംഗീകാരം നൽകുന്നതിന് നിർദ്ദേശിച്ചു.

14. 24/01/2024 ലെ ജെ.ആർ.1/502/2023- പൊവിവ നമ്പർ സർക്കാർ കത്ത് പ്രകാരം, 18/11/2018 നും 08/11/2021 നും ഇടയിലെ ബാക്ക് ലോഗ് നികത്തുന്നതിന് 08/11/2021 ന് ശേഷമുള്ള ഒഴിവും ഭിന്നശേഷി നിയമനത്തിന് മാറ്റിവെക്കാമെന്നും, ഇത്തരത്തിൽ നിയമിക്കപ്പെട്ട ഭിന്നശേഷി ഉദ്യോഗാർത്ഥിയുടെ നിയമനം അംഗീകരിക്കാമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

15. 03/04/2024 ലെ ജെ.ആർ 1/562/2023 പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണത്തിന്റെ ഭാഗമായി, പ്രൊവിഷണൽ ആയി ശമ്പള സ്കെയിലിൽ നിയമനാംഗീകാരം നേടിയ ജീവനക്കാർക്ക് പെൻ(Permanent Employee Number) അനുവദിക്കുന്നതിനും കേരളാ എയ്ഡഡ് സ്കൂൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, ഇപ്രകാരം കേരളാ എയ്ഡഡ് സ്കൂൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം നൽകുമ്പോൾ 27/01/21 -ലെ 07/2021/ധന നമ്പർ സർക്കുലർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ, നിയമനം മുൻകാല പ്രാബല്യത്തിൽ അംഗീകരിക്കപ്പെട്ട തീയതി മുതൽ ടി നിയമനം അംഗീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് തീയതി വരെയുള്ള കാലയളവിലെ ശമ്പള കുടിശിക പി.എഫ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും, ടി തുക ജീവനക്കാർക്ക് നിയമനാംഗീകാരം ലഭ്യമായ ഉത്തരവിന്റെ തീയതി മുതൽ 5 വർഷം കഴിഞ്ഞു മാത്രമേ പിൻവലിക്കാൻ അനുമതിയുള്ളു എന്ന വ്യവസ്ഥ ഉൾപ്പെടുത്തി വേണം നിയമനാംഗീകാര ഉത്തരവുകൾ നൽകേണ്ടത് എന്നും നിർദേശിച്ചിട്ടുണ്ട്.

16. 05/09/2024 ലെ ജെ.ആർ 1/585/2023/പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം ഭിന്നശേഷിക്കാരെ നിയമിക്കുന്നതിനായി മറ്റ് ഒഴിവുകളൊന്നും നിലവിലില്ലെങ്കിൽ മാത്രം ചട്ടം 51 എ, ചട്ടം 43, ചട്ടം 51 ബി അവകാശികൾക്കു വിധേയമായി സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടതായ അധിക തസ്തികകളിൽ ഭിന്നശേഷിയുള്ളവരെ മാനേജർ നിയമിച്ചാൽ, പ്രസ്തുത നിയമനം മറ്റു വിധത്തിൽ ക്രമ പ്രകാരമെങ്കിൽ, അംഗീകാരം നൽകാവുന്നതാണ്. ഇതിനായി മറ്റ് ഒഴിവുകളൊന്നും തന്നെ ലഭ്യമല്ല എന്ന സത്യപ്രസ്താവന മാനേജർ സമർപ്പിക്കേണ്ടതും ആയത് വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്. ഇതിനോടകം അംഗീകാരം നൽകിയ കേസുകൾ പുനഃപരിശോധിക്കേണ്ടതില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

17. 10/09/2024-ലെ ജെ.ആർ.1/304/2024-പൊ.വി.വ. നമ്പർ സർക്കുലർ പ്രകാരം, മാനേജർമാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് ഒഴിവ് റിപ്പോർട്ട്

ചെയ്യുന്ന തീയതി മുതൽ ഒരു വർഷം എന്നത് **റിക്രൂട്ട്മെന്റ് വർഷം** ആയി കണക്കാക്കുന്നതിനും എംപ്ലോയ്മെന്റിലേക്ക് നൽകുന്ന റിക്വിസിഷനുകൾ അതത് ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ/ ആർ.ഡി.ഡി/എ.ഡി ഓഫീസുകൾ മുഖേന സമർപ്പിക്കുന്നതിനും നിർദേശിച്ചിരുന്നു.

18. 01/10/2024-ലെ ജെ.ആർ 1/397/2024- പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾ പ്രകാരം താത്കാലിക നിയമനം (പ്രൊവിഷണൽ /ദിവസവേതനം) ലഭിച്ച ജീവനക്കാർക്ക് അതെ മാനേജ്മെന്റിന് കീഴിലുള്ള മറ്റു സ്കൂളുകളിലെ വ്യവസ്ഥാപിത ഒഴിവുകളിലേക്ക് നിലവിലുള്ള നിയമനരീതിയിൽ തന്നെ (പ്രൊവിഷണൽ/ദിവസവേതനം) തുടരുമെന്ന വ്യവസ്ഥയിൽ സ്ഥലം മാറ്റം അനുവദിക്കാവുന്നതാണ്.

19. 08/12/2024 ലെ ജെ.ആർ 1/502/2023-പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ സേവനത്തിനിടയിൽ ഭിന്നശേഷിത്വം സംഭവിക്കുന്ന ജീവനക്കാരന്റെ നിയമനം ഭിന്നശേഷി സംവരണം പാലിച്ച നിയമനമായി നിലവിലെ നിയമപ്രകാരം കണക്കാക്കുവാൻ സാധിക്കില്ല.

20. 19/12/2024-ലെ ജെ.ആർ.1/336/2024/പൊ.വി.വ. നമ്പർ സർക്കാർ കത്ത് പ്രകാരവും, 22/02/2025- ലെ ഡി.ജി.ഇ/15133/2023/എച്ച്2-പാർട്ട്-1 നമ്പർ സർക്കുലർ പ്രകാരവും പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ച ജീവനക്കാരുള്ള സ്കൂളുകളിൽ/അതത് മാനേജ്മെന്റിൽ ഉയർന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ, സീനിയോറിറ്റി അനുസരിച്ച് പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ചവരാണ് അർഹരാകുന്നതെങ്കിൽ, അവർക്ക് ഉയർന്ന തസ്തികകളിൽ ചട്ടം 43 അവകാശം ഉള്ളതായി കണക്കാക്കി പ്രൊവിഷണലായി നിയമനാംഗീകാരവും, ടി തസ്തികയിലെ ശമ്പളവും അനുവദിക്കാനും പരിണത ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് ഒഴിവ് വരുന്ന തീയതി പരിഗണിച്ച് പ്രൊവിഷണലായോ, ദിവസവേതനത്തിലോ ഏതാണോ ബാധകമാകുന്നത്, അപ്രകാരവും നിയമനാംഗീകാരം നൽകാം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ വ്യവസ്ഥ ഹയർസെക്കന്ററി വരെയുള്ള വിഭാഗങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്.

21. 13/01/2025 ലെ ജെ.ആർ 1/444/2024-പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം, ഭിന്നശേഷി സംവരണ നിയമനവ്യവസ്ഥകൾക്ക് അനുസൃതമായി ബഹു.കോടതി വിധിയുടെ അടിസ്ഥാനത്തിൽ, ശമ്പള സ്കെയിലിൽ

പ്രൊവിഷണൽ ആയി നിയമനം ലഭിച്ചവർ പുറത്തുപോയാൽ, അവരുടെ ശമ്പള കുടിശിക, പി.എഫ് അക്കൗണ്ട് തുടങ്ങാൻ നിർവാഹമില്ലാത്ത സാഹചര്യത്തിൽ, പണമായി നൽകാവുന്നതാണ്.

22. 22-02-2025 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഡി ജി ഇ/15133/2023-എച്ച്2-Part (1) നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് പ്രൊവിഷണലായി ശമ്പള സ്കെയിലിൽ അംഗീകാരം നേടിയ എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് ഗ്രൂപ്പ് ഇൻഷുറൻസിൽ അംഗത്വം എടുക്കാവുന്നതാണ്. (ആയതിന് 03/01/2025 ലെ നം ജി.ഐ.എസ്.2/62/2024 നമ്പർ കത്ത് പ്രകാരം ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ട്.)

23. ഭിന്നശേഷി സംവരണ വ്യവസ്ഥ പ്രകാരം താൽക്കാലിക അംഗീകാരം ലഭിച്ച് പെൻ (PEN) നമ്പർ ലഭിച്ച ജീവനക്കാർക്ക് 11/03/2025 ലെ നം.3048354/എസ്റ്റാ.ഡി3/7/2025/ധന കത്ത് പ്രകാരം, എസ്.എൽ.ഐ, ജി.പി.എ.ഐ.എസ് (ജീവൻ രക്ഷാ പദ്ധതി) അംഗത്വം നൽകുന്നതിന് അനുമതി നൽകിയിട്ടുമുണ്ട്.

24. 24/03/2025 ലെ സ.ഉ(കൈ) 45/2025/പൊ.വി.വ നമ്പർ ഉത്തരവ് , 08/04/2025 ലെ ഡി.ജി.ഇ/15133/2023-എച്ച്2 -പാർട്ട് 1 നമ്പർ പുറത്തെഴുത്ത് എന്നിവ പ്രകാരം ബഹു.സുപ്രീം കോടതിയുടെ എസ്.എൽ.പി.(സി) 9566/2023, ഉൾപ്പെടെയുള്ള അനുബന്ധ കേസുകളിലെയും 30/10/2023, 27/01/2025 തീയതികളിലെ ഇടക്കാല ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശിപാർശ ചെയ്യുന്നതിനായി സംസ്ഥാനതല,ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും ചുമതലകൾ നിശ്ചയിച്ചുകൊണ്ടും തെരഞ്ഞെടുപ്പ് പ്രക്രിയ സംബന്ധിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

25. 25/03/2025 ലെ ജെ.ആർ 1/3/2025-പൊ.വി.വ നം സർക്കാർ കത്ത്, 29/03/2025 ലെ ഡി.ജി.ഇ / 15133/2023-എച്ച്2 നമ്പർ പുറത്തെഴുത്ത് എന്നിവ പ്രകാരം ഭിന്നശേഷി സംവരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രൊവിഷണലായി ശമ്പള സ്കെയിലിൽ നിയമനാംഗീകാരം ലഭിച്ച ഒരു ജീവനക്കാരൻ തസ്തിക നഷ്ടം വന്നു പുറത്തു പോകുമ്പോൾ, അവർക്ക് 51 എ അവകാശം ലഭിക്കുന്നതിനുള്ള മറ്റ് നിർദ്ദിഷ്ട യോഗ്യതകൾ (ഒരു അക്കാദമിക വർഷത്തെ സർവ്വീസ്, തസ്തികയുള്ള വേണ്ടതായ

പൂർണ്ണയോഗ്യത) ഉണ്ടെങ്കിൽ, 51 എ അവകാശത്തിന് സമാനമായ അവകാശം നൽകികൊണ്ട് തുടർന്ന് ഉണ്ടാകുന്ന വ്യവസ്ഥാപിതമായ ഒഴിവിൽ ടി ഒഴിവ് നിലവിൽ വന്ന തീയതി 08/11/2021 ന ശേഷമാണെങ്കിലും പ്രൊവിഷണലായി ശമ്പള സ്കെയിലിൽ തന്നെ നിയമനം നൽകാവുന്നതാണ് എന്നും , ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റി വെച്ചിട്ടുള്ള മാനേജ്മെന്റുകളിൽ മാത്രമേ ഇത്തരത്തിലുള്ള നിയമനത്തിന് അവകാശമുണ്ടായിരിക്കുകയുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, 04/05/2025 ലെ ജെ.ആർ 1/140/2025-പൊ.വി.വ നം സർക്കാർ കത്ത്, 20/05/2025 ലെ ഡി.ജി.ഇ / 15133/2023-എച്ച്2 നമ്പർ പുറത്തെഴുത്ത് എന്നിവ പ്രകാരം ഭിന്നശേഷി സംവരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രൊവിഷണലായി ശമ്പള സ്കെയിലിൽ നിയമനാംഗീകാരം ലഭിച്ച്, മേൽ പ്രകാരം തസ്തിക നഷ്ടപ്പെട്ട് 51 എ അവകാശം ലഭിക്കുന്നവരെ മാനേജ്മെന്റിൽ പിന്നീടുണ്ടാകുന്ന അധിക തസ്തികകളിൽ സംരക്ഷിതാദ്ധ്യാപകരെക്കാൾ മുൻഗണന നൽകി പ്രൊവിഷണൽ ശമ്പള സ്കെയിലിൽ നിയമനം നൽകാവുന്നതും അപ്രകാരം നിയമനങ്ങൾ അംഗീകരിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

26. 01/04/2025 ലെ ജെ.ആർ 1/547/2024/പൊ.വി.വ. നം സർക്കാർ കത്ത് പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ, 18/11/2018 ന ശേഷം ഉണ്ടായ ആദ്യ ഒഴിവ് തന്നെ ഭിന്നശേഷി സംവരണ നിയമനത്തിനായി മാറ്റിവെച്ചിട്ടില്ല എന്നത് ഭിന്നശേഷി വിഭാഗത്തിൽ ഉള്ളവരുടെയോ, മറ്റ ജീവനക്കാരുടെയോ നിയമനം നിരസിക്കാനുള്ള കാരണമാക്കരുതെന്നും, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിൽ മറ്റ് ഒഴിവുകളിലെ നിയമനത്തിനായി സെലക്ഷൻ കമ്മിറ്റി കൂടുമ്പോഴും റോസ്റ്റർ സമർപ്പിച്ചിട്ടുണ്ടോയെന്നും നിലവിലുള്ള വ്യവസ്ഥാപിതമായ ഒഴിവ്, ആയത് 18/11/2018 ന ശേഷം ഉണ്ടായ ആദ്യ ഒഴിവ് അല്ലെങ്കിൽ പോലും, മാറ്റി വച്ചിട്ടുണ്ടോയെന്ന് മാത്രമേ പരിശോധിക്കേണ്ടതുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി സർക്കാർ കത്തിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 08/04/2025 ലെ ഡി.ജി.ഇ / 15133/2023-എച്ച്2 നം. പുറത്തെഴുത്ത് മുഖേന നിലവിൽ നിരസിക്കപ്പെട്ടതോ, അപ്പീൽ/ റിവിഷൻ അപ്പീൽ സമർപ്പിക്കപ്പെട്ട തീരുമാനം ആകാത്തതുമായ എല്ലാ കേസുകളും അപ്പലേറ്റ് ഉത്തരവ് കൂടാതെ തന്നെ പുനഃപ്പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ എല്ലാ വിദ്യാഭ്യാസ അധികാരികൾക്കും നിർദേശം നൽകിയിട്ടുണ്ട്.

27. 11/05/2025 ലെ ജെആർ 1/502/2023-പൊ.വി.വ നമ്പർ സർക്കാർ കത്ത്, 20/05/2025 ലെ ഡി.ജി.ഇ/7756/2025-എച്ച്2 നമ്പർ പുറത്തെഴുത്ത് എന്നിവ പ്രകാരം ഭിന്നശേഷിക്കാർക്കായി മാനേജർമാർ ഒഴിവുകൾ മാറ്റി വയ്ക്കുകയും എന്നാൽ അർഹരായ ഭിന്നശേഷിക്കാരെ ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ അധ്യയനം തടസ്സപ്പെടാതിരിക്കുന്നതിന് പ്രസ്തുത ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, ഇതിനോടകം പ്രസ്തുത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്ക് അപ്പലേറ്റ് ഉത്തരവില്ലാതെ തന്നെ നിയമനാംഗീകാരവും ആനുകൂല്യങ്ങളും നൽകാവുന്നതാണ് എന്നും ഇപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്ക് അവർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത കാലയളവ് മുൻകാല പ്രാബല്യത്തിൽ റഗുലറൈസ് ചെയ്യുന്നതിനോ അതിനനുസരിച്ചുള്ള-ആനുകൂല്യങ്ങൾ ലഭിക്കുന്നതിനോ യാതൊരു വിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ല എന്നും ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട് എന്ന കാരണത്താൽ ഭിന്നശേഷി സംവരണം പാലിച്ചുള്ള നിയമനങ്ങൾ വൈകിപ്പിക്കുവാൻ പാടുള്ളതല്ലായെന്നും, ബോധപൂർവ്വം ഭിന്നശേഷി സംവരണം പാലിച്ചുള്ള നിയമനങ്ങൾ വൈകിപ്പിക്കുന്ന മാനേജർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

28. 22.05.2025 ലെ ജെആർ 1/578/2024-പൊ.വി.വ നമ്പർ സർക്കാർ കത്ത്, 01.06.2025 ലെ ഡി.ജി.ഇ/15133/2023-എച്ച്2 നമ്പർ പുറത്തെഴുത്ത് എന്നിവ പ്രകാരം ഭിന്നശേഷി സംവരണ നിയമവുമായി ബന്ധപ്പെട്ട് 08.11.2021 ന് ശേഷമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ച ജീവനക്കാരുള്ള സ്കൂളുകളിൽ/അതത് മാനേജ്മെന്റിൽ വ്യവസ്ഥാപിതമായ ഉയർന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ചവരാണ് സ്ഥാനക്കയറ്റത്തിനു അർഹരാകുന്നതെങ്കിൽ, അവരെ ഉയർന്ന തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുവാനും, ഇതിനോടകം അപ്രകാരം നിയമിക്കപ്പെട്ടവർക്ക് അംഗീകാരം നൽകുന്നതിനും പരിണത ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് ഒഴിവ് വരുന്ന തീയതി പരിഗണിച്ച് നിയമനാംഗീകാരം നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭിന്നശേഷി സംവരണ നിയമ പ്രകാരം ആവശ്യമായ ഒഴിവുകൾ ഭിന്നശേഷി നിയമനത്തിനു മാറ്റി വച്ചിട്ടുള്ള മാനേജ്മെന്റുകളിൽ മാത്രമേ ഇത്തരത്തിൽ അംഗീകാരം നൽകേണ്ടതുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ,

നിരസിക്കപ്പെട്ടതോ/അപ്പീൽ/റിവിഷൻ അപ്പീൽ നിലവിലുള്ളതോ ആയ കേസുകൾ അപ്പലേറ്റ് ഉത്തരവിന് കാത്തു നിൽക്കാതെ തന്നെ ചട്ട പ്രകാരം പുനഃപ്പരിശോധിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ എല്ലാ വിദ്യാഭ്യാസ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

29. 28.06.2025 ലെ സ.ഉ(കൈ) 123/2025/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം, 30.10.2023, 27.01.2025 എന്നീ തീയതികളിലെ ബഹു.സുപ്രീം കോടതിയുടെ എസ്.എൽ.പി(സി) 9566/2023 നമ്പർ ഹർജിയിലേയും അനുബന്ധ കേസുകളിലേയും ഇടക്കാല ഉത്തരവുകൾ അനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ളതും യോഗ്യതയുള്ളതുമായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് നിയമന ശിപാർശ ചെയ്യുന്നതിനായി രൂപീകരിച്ച സംസ്ഥാന തല, ജില്ലാതല സമിതികളുടെ പ്രവർത്തനത്തിനു ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.കൂടാതെ 10.07.2025 ലെ ഡി.ജി.ഇ/13618/2025-എച്ച്2-പാർട്ട്(1) നമ്പർ സർക്കുലർ പ്രകാരം, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം സുതാര്യമായും സുഗമമായും നടപ്പിലാക്കുന്നതിനും നിയമന ശിപാർശ നൽകുന്നതിനുമായി എംപ്ലോയ്മെന്റ് ഡയറക്ടർ, വിദ്യാഭ്യാസ അധികാരികൾ കൈറ്റ്, മാനേജർമാർ എന്നിവർക്ക് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ഉണ്ടാകാൻ സാധ്യതയുള്ള സംശയങ്ങൾ പരിഹരിക്കുന്നതുനുതകും വിധത്തിലുള്ള ചോദ്യാവലി (FAQ) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

## എയ്ഡഡ് സ്കൂൾ ഭിന്നശേഷി സംവരണ നിയമനം സംശയനിവാരണം - ചോദ്യാവലി (FAQ)

**1. ഭിന്നശേഷി സംവരണം എന്താണ്?**

ഭിന്നശേഷിക്കാരായ വ്യക്തികൾക്കും മറ്റുള്ളവർക്കുമുള്ള അവകാശങ്ങൾ തുല്യമായി ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള നയരൂപീകരണത്തിന്റെ ഭാഗമായി വിവിധ സർക്കാർ/സർക്കാർ ധനസഹായത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നിശ്ചിത ശതമാനം സംവരണം ഉറപ്പാക്കുന്ന വ്യവസ്ഥയാണ് ഭിന്നശേഷി സംവരണം എന്നുദ്ദേശിക്കുന്നത്.

**2. ഭിന്നശേഷി സംവരണം സംബന്ധിച്ച് പാർലമെന്റ് പാസ്സാക്കിയ നിയമങ്ങൾ ഏതൊക്കെയാണ്?**

1995- ലെ Persons with Disabilities Act (PwD Act), 2016 ലെ Right of Persons with Disabilities Act (RPwD Act) എന്നിവയാണ് ഭിന്നശേഷി സംവരണം സംബന്ധിച്ച് പാർലമെന്റ് പാസ്സാക്കിയ നിയമങ്ങൾ.

**3. Persons with Disabilities Act (PwD Act) 1995 സെക്ഷൻ 33 പ്രകാരം ഭിന്നശേഷി സംവരണം എപ്രകാരമാണ് നടപ്പിൽ വരുത്തേണ്ടത്?**

Persons with Disabilities Act (PwD Act) 1995 സെക്ഷൻ 33 പ്രകാരം കാഴ്ച പരിമിതർ, ശ്രവണ ശേഷി പരിമിതർ, ചലന പരിമിതിയുള്ളവർ, സെറിബ്രൽ പാൾസി എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് എല്ലാ എസ്റ്റാബ്ലിഷ്മെന്റുകളിലും ഭിന്നശേഷി നിയമനത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയ ഒഴിവുകളിൽ 3% സംവരണം പാലിച്ച് നിയമനം നല്കേണ്ടതുണ്ട്. കൂടാതെ, പ്രസ്തുത ആക്ടിലെ സെക്ഷൻ 39 പ്രകാരം എല്ലാ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, ഗവൺമെന്റിൽ നിന്നും ധന സഹായം ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഭിന്നശേഷി നിയമനത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയ ഒഴിവിന്റെ 3% സീറ്റുകൾ ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിട്ടുണ്ട്.

**4. Right of Persons with Disabilities Act (RPwD Act) 2016 സെക്ഷൻ 34(1) പ്രകാരം ഭിന്നശേഷി സംവരണം എപ്രകാരമാണ് നടപ്പിൽ വരുത്തുന്നത്?**

Right of Persons with Disabilities Act (RPwD Act) 2016, സെക്ഷൻ 34(1) പ്രകാരം ഭിന്നശേഷി നിയമനത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയ ഓരോ ഗ്രൂപ്പ് തസ്തികകളുടെയും കേഡർ സ്ട്രെങ്ങ്തിന്റെ ആകെയുള്ള

ഒഴിവുകളിൽ 4 ശതമാനത്തിൽ കുറയാത്ത ഒഴിവുകൾ ഭിന്നശേഷിക്കാർക്ക് സംവരണം നല്കി നിയമനം നടത്തേണ്ടതുണ്ട്.

**5. Right of Persons with Disabilities Act (RPwD Act) 2016 പ്രകാരം ഏതൊക്കെ വിഭാഗക്കാർക്കാണ് സംവരണം അനുവദിക്കേണ്ടത്?**

RPwD Act 2016 ലെ സെക്ഷൻ 34(1) പ്രകാരം ഓരോ ഗ്രൂപ്പ് തസ്തികകളുടെയും കേഡർ സ്ട്രെങ്ങ്തിന്റെ ആകെയുള്ള ഒഴിവുകളിൽ, 4 ശതമാനത്തിൽ (4%) കുറയാത്ത ഒഴിവുകളിൽ ഭിന്നശേഷിക്കാർക്ക് സംവരണം നല്കി നിയമനം നടത്തേണ്ടതുണ്ട്. ടി ആക്ടിന്റെ സെക്ഷൻ 2(k) പ്രകാരം സർക്കാരിൽ നിന്നും സഹായം ലഭിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഭിന്നശേഷി സംവരണ വ്യവസ്ഥകളുടെ പരിധിയിൽ വരുന്നു. ടി 4 ശതമാനത്തിൽ (4%), താഴെപ്പറയുന്ന A മുതൽ C വരെ കാറ്റഗറിയിലുള്ളവർക്ക് 1 ശതമാനവും D, E കാറ്റഗറിയിലുള്ള രണ്ട് വിഭാഗക്കാർക്കും കൂടി 1 ശതമാനവും (1%) വും മാറ്റി വെയ്ക്കേണ്ടതുണ്ട്. (D യ്ക്കും E യ്ക്കും കൂടി 1% എന്നത് 19/4/2017 മുതൽ)

A) Blindness and low vision – 1%
B) Deaf and Hard of hearing – 1%
C) Locomotor Disabilities including Cerebral palsy, Leprosy cured, dwarfism, acid attack victims and muscular dystrophy – 1%
D) Autism, Intellectual disability, Specific learning disability and mental illness.
E) Multiple disabilities among person under clause (A) to (D) including deaf– blindness in the posts identified for each disabilities. (1% for D&E together)

**6. സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നത് ആക്ടിലെ ഏതു വകുപ്പ് പ്രകാരമാണ്?**

PwD Act 1995, RPwD Act 2016 എന്നിവയിലെ സെക്ഷൻ 2(k).

**7. സർക്കാർ സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് സംവരണം അനുവദിച്ചിട്ടുണ്ടോ?**

ഉണ്ട്.

**8. എയ്ഡഡ് സ്കൂളുകളും സ്ഥാപനങ്ങളും ടി ആക്റ്റിന്റെ പരിധിയിൽ വരുമോ?**

PwD Act 1995, RPwD Act 2016 എന്നിവയിലെ സെക്ഷൻ 2(k) പ്രകാരം സർക്കാരിൽ നിന്നും സഹായം ലഭിക്കുന്ന എല്ലാ സ്ഥാപനങ്ങളും ടി ആക്ടിന്റെ പരിധിയിൽ വരുന്നതിനാൽ, സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂളുകളും /സ്ഥാപനങ്ങളും ടി ആക്ടിന്റെ പരിധിയിൽ വരുന്നതാണ്.

**9. എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ഭിന്നശേഷി സംവരണം നടപ്പിൽ വരുത്തുന്നതിനായി സാമൂഹ്യ നീതി വകുപ്പ് പുറപ്പെടുവിച്ച 2018 ലെ ഉത്തരവ് വ്യക്തമാക്കാമോ?**

സാമൂഹ്യ നീതി വകുപ്പിന്റെ 18/11/2018 ലെ സ.ഉ.(അച്ചടി) 18/2018/എസ്.ജെ.ഡി നമ്പർ ഉത്തരവിൽ, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലും, എയ്ഡഡ് കോളേജുകളിലും ഭിന്നശേഷിക്കാർക്കായി അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള[17.10.2012 ലെ സ.ഉ(അച്ചടി)61/12/എസ്.ഡബ്ല്യൂ.ഡി, 03.01.2013 ലെ സ.ഉ(അച്ചടി) 1/2013/എസ്.ജെ.ഡി, 04.04.2013 ലെ സ.ഉ(അച്ചടി) 30/13/എസ്.ജെ.ഡി, 05.01.2015 ലെ സ.ഉ(അച്ചടി)1/2015/എസ്.ജെ.ഡി എന്നിവ പ്രകാരം] തസ്തികകളിൽ, 1995 ലെ PwD ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം, കേഡർ സ്ട്രെങ്ങ്തിലെ മൊത്തം ഒഴിവുകളുടെ 3% സംവരണം 07/02/1996 മുതൽ പ്രാബല്യത്തിൽ വരുന്ന വിധത്തിൽ ഭിന്നശേഷിക്കാർക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയ തസ്തികകളിലേക്ക് നിയമനം ഉറപ്പാക്കുന്നതിനും 07/02/1996 മുതൽ 18/04/2017 വരെ ബാക്ക് ലോഗ് നികത്തുന്നതിനും സർക്കാർ ഉത്തരവായി. കൂടാതെ, 2016 ലെ ഭിന്നശേഷിക്കാരുടെ അവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം 19/04/2017 മുതൽ പ്രാബല്യത്തിൽ വരുന്ന വിധത്തിൽ ഭിന്നശേഷിക്കാർക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയ തസ്തികകളിലേക്ക് പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെയുള്ള എയ്ഡഡ് കോളേജുകളിലെയും എയ്ഡഡ് സ്കൂളുകളിലെയും നിയമനങ്ങളിൽ കേഡർ സ്ട്രെങ്ങ്തിലെ മൊത്തം ഒഴിവുകളുടെ 4% ഒഴിവുകളിൽ സംവരണം നൽകി നികത്തുന്നതിനും ഉത്തരവായി.

**10. എയ്ഡഡ് സ്കൂളുകളിൽ ഏത് തീയതി മുതൽ ഒഴിവുള്ള തസ്തികകളിലാണ് ഭിന്നശേഷി സംവരണം പ്രകാരമുള്ള നിയമനങ്ങൾ നടത്തുന്നത്?**

19/09/2022 ലെ സ.ഉ.(കൈ) നം.162/2022/ പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം “08/11/2021 മുതൽ ഒഴിവ്വ വരുന്ന തസ്തികകൾ" എന്നത് “18/11/2018 മുതൽ ഒഴിവ്വ വരുന്ന തസ്തികകൾ" എന്നാക്കി മാർഗരേഖയിൽ ഭേദഗതി വരുത്തുകയുണ്ടായി. ഇതു പ്രകാരം 18/11/2018 മുതൽ ഒഴിവ്വ വരുന്ന തസ്തികകളിലാണ് ഭിന്നശേഷി സംവരണം പ്രകാരമുള്ള നിയമനം നടത്തേണ്ടത്.

**11. സാമൂഹ്യ നീതി വകുപ്പിന്റെ 18/11/2018 ലെ സ.ഉ.(അ) 18/2018/എസ്.ജെ.ഡി നടപ്പിലാകുന്നതുമായി ബന്ധപ്പെട്ട ബഹു: കോടതി വിധി പരാമർശിക്കാമോ?**

18.11.18 സ.ഉ.(അച്ചടി.)18/18/എസ്.ജെ.ഡി നമ്പർ ഉത്തരവിനെതിരെ മാനേജർമാരും, പ്രസ്തുത ഉത്തരവ് നടപ്പിലാക്കാത്തതിനെതിരെ ഭിന്നശേഷിക്കാരും ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 4753/2020 ഉൾപ്പടെയുള്ള ഒരു കൂട്ടം ഹർജികൾ ഒരുമിച്ചു പരിഗണിച്ചു കൊണ്ട്, 26/08/2020 ന് ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ (രഞ്ജിത്ത് V/S സ്റ്റേറ്റ് ഓഫ് കേരള) മേൽ സർക്കാർ ഉത്തരവ് ശരി വച്ചിരുന്നു. ഇതിനെതിരെ സമർപ്പിക്കപ്പെട്ട റിട്ട് അപ്പീൽ നമ്പർ 131/2021 ഉൾപ്പടെയുള്ള ഒരു കൂട്ടം റിട്ട് അപ്പീലുകളിലെ ആവശ്യം 04/02/2021 ലെ പൊതു വിധിന്യായ പ്രകാരം, ബഹു ഹൈക്കോടതി നിരസിക്കുകയും സിംഗിൾ ബെഞ്ച് ഉത്തരവ് ശരി വയ്ക്കുകയും ചെയ്തു.

**12. ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനെതിരെ മാനേജർമാർ ബഹു സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിലെ വിധി പരാമർശിക്കാമോ?**

എയഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അധിക തസ്തികകളിൽ ഭിന്നശേഷിയുള്ളവരെ സാമൂഹ്യ നീതി വകുപ്പിന്റെ 18/11/2018 ലെ സ.ഉ.(അച്ചടി)18/2018/ എസ്.ജെ.ഡി നമ്പർ ഉത്തരവ് ശരിവെച്ച ബഹു: കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് വിധിക്കെതിരെ ഏതാനും മാനേജർമാർ ബഹു: സുപ്രീം കോടതിയെ എസ്.എൽ.പി.(സി) 8030/2021 പ്രകാരം സമീപിച്ചിരുന്നെങ്കിലും ബഹു: കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് വിധി പാലിച്ചുകൊള്ളാമെന്നും എസ്.എൽ.പി പിൻവലിക്കുകയാണെന്നും ഹർജിക്കാർ ബഹു. സുപ്രീം കോടതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, 05/07/2021 ന് ബഹു സുപ്രീം കോടതി പ്രസ്തുത കേസ് തള്ളിക്കൊണ്ട് വിധി പ്രസ്താവിച്ചു.

**13. ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത ഡബ്ല്യൂ.പി(സി) 19808/2021 തുടങ്ങിയ കേസുകളിൽ ബഹു ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ?**

15/07/2021 മുതൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമനം നടത്തി സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾ ക്രമ പ്രകാരമാണെങ്കിൽ ആയത് 24/09/2021 നകം തീർപ്പ കൽപ്പിക്കേണ്ടതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ, 06/09/2021 ലെ എച്ച്2/19500/2019/ഡി ജി ഇ നമ്പർ കത്ത് പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചു. എന്നാൽ, ഭിന്നശേഷിക്കാർക്ക് നിയമനം ലഭിക്കുന്നില്ല എന്നു ചൂണ്ടിക്കാട്ടി ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരും കേരള ഫെഡറേഷൻ ഫോർ ദി ബ്ലൈൻഡും ഫയൽ ചെയ്ത ഡബ്ല്യൂ.പി(സി) 19808/2021(എ) നമ്പർ കേസിൻമേൽ 06/09/2021 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്2/19500/2019/ഡി ജി ഇ നം കത്ത് സ്റ്റേ ചെയ്യുകയുണ്ടായി.

**14. എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ആദ്യ ഉത്തരവ് ഏതാണ്? മാനേജർമാർക്ക് നിർദ്ദേശം നൽകിയ ഉത്തരവ് ഏതാണ്? വിശദാംശങ്ങൾ ലഭ്യമാക്കാമോ?**

ഭിന്നശേഷി സംവരണം നടപ്പിൽ വരുത്തുന്നതിനായി കേരളവിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുമെന്ന് 09/09/2016 ലെ സ.ഉ.(കൈ)നമ്പർ 155/16/പൊ.വി.വ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. 18/11/2018 ലെ സ.ഉ.(അച്ചടി) നമ്പർ 18/2018/എസ്.ജെ.ഡി ഉത്തരവിലെ മാർഗ നിർദ്ദേശങ്ങൾ പ്രകാരം എല്ലാ എയ്ഡഡ് സ്ഥാപനങ്ങളിലും ഒഴിവുകൾ കണ്ടെത്തി, സെലക്ഷൻ നടത്തി നിയമനം നടത്തുന്നതിനും മേൽ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് ഭിന്നശേഷി സംവരണം നടപ്പിൽ വരുത്തു ന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. 08/11/2021 ലെ സ.ഉ.(അച്ചടി.) 19/2021/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം, 1995 ലെ PwD Act അനുസരിച്ച് 07/02/1996 മുതൽ 18/04/2017 വരെ ഭിന്നശേഷി നിയമനത്തിനായി, വിവിധ സർക്കാർ ഉത്തരവുകളിലൂടെ അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള ഒഴിവുകൾ കണ്ടെത്തുന്നതിനും /കണ്ടെത്തുന്ന ഒഴിവുകളിൽ നടത്തുന്ന നിയമനങ്ങളുടെ 3% ഒഴിവുകൾ ബാക്ക് ലോഗായി കണക്കാക്കി ഉടൻ പ്രാബല്യത്തിൽ നികത്തുന്നതിനും 19/04/2017 മുതൽ ഉണ്ടായ ഒഴിവുകളിൽ RPwD Act 2016 പ്രകാരം 4% ഒഴിവുകൾ ബാക്ക് ലോഗായി കണക്കാക്കി ഉടൻ പ്രാബല്യത്തിൽ നിയമിക്കുന്നതിനും

ഉത്തരവായി. ബാക്ക് ലോഗ് ഒഴിവുകൾ കണ്ടെത്തുന്നതിനും അപ്രകാരം ഉള്ള ഒഴിവുകൾ ഭാവിയിലുണ്ടാകുന്ന ഒഴിവുകളിൽ നിന്നും നികത്തണം എന്നുമാണ് ഉത്തരവായിരുന്നത്.

**15. ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങൾ ആദ്യമായി പുറപ്പെടുവിക്കുന്നത് ഏത് ഉത്തരവിലൂടെയാണ്?**

25/06/2022 ലെ സർക്കാർ ഉത്തരവ് (കൈ) 111/2022/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം.

**16. ഭിന്നശേഷി സംവരണം നടപ്പാക്കുമ്പോൾ ആയതിന്റെ മുൻഗണനാക്രമം എപ്രകാരമാണ്?**

താഴെ പറയുന്ന A മുതൽ C വരെ കാറ്റഗറിയിലുള്ളവർക്ക് 1 ശതമാനം വീതവും,D,E കാറ്റഗറിയിലുള്ള രണ്ട് വിഭാഗക്കാർക്കും കൂടി 1 ശതമാനവും (1%) മാറ്റി വയ്ക്കേണ്ടതുണ്ട് (ആയതിന് 19/04/2017 മുതൽ പ്രാബല്യമുണ്ട്)

A.Blindness and low vision.

B.Deaf and Hard of hearing.

C.Loco motor Disabilities including Cerebral palsy, Leprosy cured, dwarfism, acid attack victims and muscular dystrophy.

D.Autism, Intellectual disability, Specific learning disability and Mental illness

E.Multiple disabilities among person under clause (A) to (D) including deaf-blindness in the posts identified for each disabilities.

**17. ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥ നടപ്പിലാക്കുമ്പോൾ കെ.ഇ.ആറിലെ അവകാശികൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ടോ?**

ഉണ്ട്. ഭിന്നശേഷി സംവരണം കണക്കാക്കുന്നതിന് കെ ഇ.ആർ അധ്യായം XIV എ, ചട്ടം 1(1) നോട്ട് 1, 43, 51 എ, 51 ബി, XXIV A ചട്ടം 9 അവകാശികൾക്ക് വിധേയമായി മാത്രമാണ് ഭിന്നശേഷി സംവരണ നിയമനം നടപ്പാക്കേണ്ടത്. (25/06/2022 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 111/2022/പൊ.വി.വ ഉത്തരവിലെ ഖണ്ഡിക 9 പ്രകാരം)

**18. ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പാലിക്കുന്നതിലേക്കായി സമന്വയയിൽ റോസ്റ്റർ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുള്ളത് ഏത് ഉത്തരവുകൾ പ്രകാരമാണ്?**

25/6/2022 ലെ സർക്കാർ ഉത്തരവ് (കൈ) നം.111/2022/പൊ.വി.വ , 23/11/2022 ലെ എച്ച്2/295299/2021/ഡി.ജി.ഇ നമ്പർ സർക്കുലർ

എന്നിവയിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ, സമന്വയ മുഖേന റോസ്റ്റർ തയ്യാറാക്കുന്നതിന് 25/01/2023 ന് എച്ച്2/295299/2021/ഡി.ജി.ഇ നമ്പർ കത്ത് മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**19. ഒന്നിലധികം സ്കൂളുകളുള്ള മാനേജ്മെന്റുകളിൽ ഭിന്നശേഷി സംവരണം നടപ്പിൽ വരുത്തുന്നത് ഏത് പ്രകാരമാണ്?**

ഒന്നോ അതിൽ കൂടുതലോ സ്കൂളുകൾ ഉള്ള (സിംഗിൾ/കോർപ്പറേറ്റ്) മാനേജർമാർ അവരുടെ മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളെ ഒറ്റ യൂണിറ്റായി പരിഗണിച്ചാണ് സമന്വയയിൽ റോസ്റ്റർ തയ്യാറാക്കേണ്ടതും ബാക്ക് ലോഗ് പ്രകാരമുള്ള ഭിന്നശേഷി നിയമനം നടത്തേണ്ടതും.

**20. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ മാനേജർമാർക്ക് നേരിട്ട് ഭിന്നശേഷി വിഭാഗത്തിൽ ഉള്ളവരെ എയ്ഡഡ് സ്കൂളുകളിൽ നിയമിക്കാമോ? അപ്രകാരം നിയമിക്കുന്നവരെ ഭിന്ന ശേഷി നിയമനത്തിന്റെ പരിധിയിൽപ്പെടുത്താമോ?**

25/06/2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ.)നമ്പർ 111/2022/പൊ.വി.വ ഉത്തരവിന്റെ തീയതിയായ 25/06/2022 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ ഭിന്നശേഷിക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങൾ ബാക്ക് ലോഗിൽ നിന്നും കുറവു വരുത്താവുന്നതാണെന്ന് നിർദേശിച്ചിരുന്നു. തുടർന്ന് പുറപ്പെടുവിച്ച 11/04/2024 ലെ ജെ.ആർ.1/17/2024 പൊ.വി.വ സർക്കാർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഭിന്നശേഷി സംവരണം പാലിച്ച് നിയമനം

നടത്തുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ തീയതിയായ 23/11/2022 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നേരിട്ട് ഭിന്നശേഷിക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ അത്തരം നിയമനങ്ങൾ കൂടി ഭിന്നശേഷി സംവരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി ബാക്ക് ലോഗിൽ നിന്നും ഒഴിവാക്കാമെന്ന് വ്യക്തത വരുത്തി, ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**21. ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട റിക്രൂട്ട്മെന്റ് ഇയർ എന്താണ്?**

10/09/2024 ലെ ജെ.ആർ.1/304/2024-പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം മാനേജർമാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് ഒഴിവ്

റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ 1 വർഷം എന്നത് റിക്രൂട്ട്മെന്റ് ഇയർ ആയി കണക്കാക്കുന്നതാണ്.

**22. പത്രപരസ്യം മുഖേന ഭിന്നശേഷി ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം വ്യക്തമാക്കാമോ?**

റിക്രൂട്ട്മെന്റ് വർഷം റിക്വിസിഷൻ നൽകിയ ശേഷവും ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭ്യമാകാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറക്ക് മാനേജർ രണ്ട് മലയാള പത്രത്തിലും ഒരു ഇംഗ്ലീഷ് പത്രത്തിലും പരസ്യം നല്കി, ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളിലെ അന്തിമ വിധിക്ക് വിധേയമായി, അതത് കാറ്റഗറിയിൽ റോട്ടേഷൻ പാലിച്ച് നേരിട്ട് ഭിന്നശേഷി വിഭാഗക്കാരെ നിയമിക്കാനുള്ള നടപടികൾ

സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. (**25/06/2022** ലെ സർക്കാർ ഉത്തരവ് (കൈ) നം **111/2022**/പൊ.വി.വ, സ.ഉ. 74/2023 തീ. 09/06/2023).

**<u>എന്നാൽ ഭിന്നശേഷി സംവരണ നിയമനം സ.ഉ(കൈ) നം 123/2025/പൊ.വി.വ ഉത്തരവ് തീയ്യതിയായ 28/06/2025 മുതൽ ജില്ലാതല സമിതി മുഖേനയാക്കിയിട്ടുണ്ട്.</u>**

**23. പത്ര പരസ്യം നല്കിയിട്ടും ഭിന്നശേഷി വിഭാഗക്കാരെ ലഭ്യമാവാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണ്?**

യോഗ്യതയുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭ്യമായില്ലായെങ്കിൽ, പ്രസ്തുത ഒഴിവ് അടുത്ത റിക്രൂട്ടമെന്റ് വർഷത്തിലേക്ക് മാറ്റിവെക്കേണ്ടതും അതേ ഭിന്നശേഷി വിഭാഗത്തിനായി തന്നെ ടി ഒഴിവ് സംവരണം ചെയ്തു കൊണ്ട് റിക്വിസിഷനുകൾ സമർപ്പിക്കേണ്ടതുമാണ്. ടി ഭിന്നശേഷി വിഭാഗത്തിൽ ഉദ്യോഗാർത്ഥിയെ ലഭ്യമായില്ലെങ്കിൽ, ഭിന്നശേഷി സംവരണക്രമം അനുസരിച്ചുള്ള അഞ്ചു വിഭാഗങ്ങളിലെ മറ്റു വിഭാഗങ്ങളിൽ നിന്നും ക്രമാനുസരണം യോഗ്യരായ ഉദ്യോഗാർത്ഥിയെ തിരഞ്ഞെടുക്കാവുന്നതുമാണ്. മേൽ നടപടികൾക്ക് ശേഷവും ഭിന്നശേഷി വിഭാഗത്തിൽപെട്ട യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും NAC (Non Availability Certificate) നൽകേണ്ടതാണ്. (സർക്കുലർ നം. ജെ.ആർ. 1/304/2024/പൊ.വി.വ. തീയതി 10/09/2024). **<u>എന്നാൽ ഭിന്നശേഷി സംവരണ നിയമനം സ.ഉ (കൈ) നം 123/2025/പൊ.വി.വ ഉത്തരവ് തീയതിയായ 28/06/2025 മുതൽ ജില്ലാതല സമിതി മുഖേനയാക്കിയിട്ടുണ്ട്.</u>**

**24. ആദ്യ റിക്രൂട്ടമെന്റ് വർഷത്തിൽ ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭിച്ചില്ലെങ്കിൽ, അടുത്ത റിക്രൂട്ട്മെന്റ് വർഷത്തിൽ എപ്രകാരമാണ് മാനേജർമാർ ഒഴിവ് റിപ്പോർട്ട് ചെയ്യേണ്ടത്?**

ആദ്യ റിക്രൂട്ടമെന്റ് വർഷത്തിൽ ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭിച്ചില്ലെങ്കിൽ, അടുത്ത റിക്രൂട്ട്മെന്റ് വർഷത്തിൽ റിക്വിസിഷനുകൾ സമർപ്പിക്കുമ്പോൾ, മുൻ വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും NAC നൽകിയിരുന്ന അതേ ഒഴിവാണെന്ന വിവരവും, അതേ ഭിന്നശേഷി വിഭാഗമാണെന്നും പ്രത്യേകം രേഖപ്പെടുത്തിയ റിക്വിസിഷൻ, ബന്ധപ്പെട്ട മാനേജർമാർ അതത് വിദ്യാഭ്യാസ ഓഫീസർമാർ മുഖേന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് സമർപ്പിക്കേണ്ടതാണ്. (10/09/2024 ലെ ജെ.ആർ. 1/304/2024/പൊ.വി.വ നമ്പർ സർക്കുലർ).

<u>**എന്നാൽ ഭിന്നശേഷി സംവരണ നിയമനം സ.ഉ(കൈ) നം 123/2025/പൊ.വി.വ ഉത്തരവ് തീയ്യതിയായ 28/06/2025 മുതൽ ജില്ലാതല സമിതി മുഖേനയാക്കിയതിനാൽ 28/06/2025 മുതൽ ഒഴിവ് റിപ്പോർട്ട് ചെയ്യേണ്ടത് സമന്വയ മുഖേനയാണ്.**</u>

**25. രണ്ടാം റിക്രൂട്ട്മെന്റ് വർഷത്തിലും ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭ്യമായില്ലെങ്കിൽ മാനേജർമാർ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത്?**

രണ്ടാം റിക്രൂട്ട്മെന്റ് വർഷത്തിലും ഭിന്നശേഷി സംവരണ ക്രമപ്രകാരമുള്ള അഞ്ച് വിഭാഗങ്ങളിൽ നിന്നും ക്രമാനുസരണം യോഗ്യരായ ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭ്യമായില്ലെങ്കിൽ മാത്രം മാനേജർക്ക് RPWD Act 2016 സെക്ഷൻ 34(2) ലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. ഇക്കാര്യം 10/09/2024 ലെ ജെ.ആർ.1/304/2024/പൊ.വി.വ നമ്പർ സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്.

**26. നിലവിൽ റോസ്റ്റർ സമർപ്പിക്കാത്ത മാനേജ്മെന്റിലെ നിയമനം അംഗീകരിക്കുന്നതിന് തടസ്സമുണ്ടോ?**

പ്രൊവിഷണൽ/ദിവസ വേതന അംഗീകാരത്തിന് തടസ്സം ഇല്ല. 01/11/2023 ലെ ജെ.ആർ. 1/502/2023/പൊ.വി.വ നമ്പർ കത്ത് പ്രകാരം, റോസ്റ്ററിലെ അപാകതയോ, റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ പരിഗണിക്കാതെ 18/11/2018 നും 08/11/2021 നും ഇടയിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണലായും 08/11/2021 ന് ശേഷം ഉണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് ദിവസ വേതന അടിസ്ഥാനത്തിലും ബഹു. ഹൈക്കോടതി, സുപ്രീം കോടതികളിൽ നിലവിലുള്ള കേസുകളിലെ

അന്തിമ വിധിക്ക് വിധേയമായി അംഗീകാരം നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

**27. ബാക്ക് ലോഗ് നികത്തുന്നതിനു വേണ്ടി ഭിന്നശേഷിക്കാർക്കായി 18/11/2018 നും 08/11/2021 നും ഇടയിൽ മാറ്റിവയ്ക്കപ്പെട്ട ഒഴിവുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ച് വിശദമാക്കാമോ?**

24/03/2023 ലെ സ.ഉ.(കൈ) 29/2023/പൊ.വി.വ നമ്പർ പ്രകാരം, ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച ഒഴിവിൽ ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ആവശ്യപ്പെട്ടുകൊണ്ട് മാനേജർ എംപ്ലോയ്മെന്റ് ഓഫീസർക്ക് നൽകിയ Requisition form ന്റെ പകർപ്പും ഭിന്നശേഷി സംവരണത്തിനായി മാറ്റിവച്ച ഒഴിവിന്റെ വിവരങ്ങളടങ്ങിയ വിശദമായ റിപ്പോർട്ടും ലഭ്യമാക്കിയാൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെ കാത്തിരിക്കാതെ, പ്രസ്തുത ഒഴിവിൽ (18/11/2018 മുതൽ 08/11/2021 വരെയുള്ള ഒഴിവിൽ) നിയമിക്കപ്പെട്ട് തുടരുന്ന അദ്ധ്യാപക/അനദ്ധ്യാപകർക്ക് മറ്റെല്ലാ തരത്തിലും യോഗ്യതയുണ്ടെങ്കിൽ ടി ഒഴിവ് താത്കാലികമായി കണക്കാക്കികൊണ്ട് ശമ്പള സ്കെയിലിൽ അംഗീകാരവും

അലവൻസുകളും അടങ്ങിയിട്ടുള്ള ശമ്പളവും നൽകാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുവാനോ, വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കുവാനോ പാടില്ല. ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതു വരെ ടി നിയമനാംഗീകാരം പരിമിതപ്പെടുത്തിയാണ് ഉത്തരവ് നൽകേണ്ടത്. (01/11/2023 ലെ സർക്കുലർ നമ്പർ ജെ.ആർ.1/502/2023-പൊ.വി.വ പ്രകാരം, എംപ്ലോയ്മെന്റിലേക്ക് റോസ്റ്റർ, റിക്വിസിഷൻ എന്നിവ നൽകുന്നതിൽ മാറ്റം വരുത്തിയിട്ടുണ്ട്.) ഇത്തരത്തിൽ താത്കാലിക നിയമനാംഗീകാരം നേടുന്നയാൾ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതു മൂലം പുറത്ത് പോകേണ്ടി വരുമ്പോൾ ആ സ്കൂളിലെ /ആ മാനേജ്മെന്റിലെ മറ്റ സ്കൂളുകളിൽ പിന്നീടുണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കപ്പെടാനുള്ള അയാളുടെ മറ്റ് യോഗ്യതകൾക്ക് വിധേയമായി, പുനർ നിയമനത്തിന് കെ ഇ ആർ അധ്യായം XIV (A), ചട്ടം 51 A ക്ക് തുല്യമായ അവകാശം ഉണ്ടായിരിക്കും. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി മേഖലകളിൽ ചട്ടം 51 A അവകാശം അനുവദിച്ചിട്ടില്ലാത്തതിനാൽ, ചട്ടം 51 A ക്ക് തുല്യമായ മുൻഗണന നൽകണം. 18/11/2018 മുതൽ 08/11/2021 വരെ ഉണ്ടായ ഒഴിവുകളിൽ 08/11/2021 നു ശേഷം നിയമിക്കപ്പെട്ട ആൾ ആണെങ്കിലും

മേൽപ്പറഞ്ഞ താത്കാലിക നിയമന അംഗീകാരത്തിന് അർഹതയുണ്ടായിരിക്കും.

**28. എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ നിയമപ്രകാരം നിയമിക്കപ്പെടുന്ന ഭിന്നശേഷി ഉദ്യോഗാർത്ഥിയ്ക്ക് പ്രായപരിധിയിൽ നിയമാനുസൃത ഇളവ് ലഭിക്കുമോ?**

ലഭിക്കും. അന്ധർ, ബധിരർ, മൂകർ എന്നിവർക്ക് ഉയർന്ന പ്രായപരിധിയിൽ 15 ഉം ഓർത്തോ പീഡിക് ഭിന്നശേഷി ഉദ്യോഗാർത്ഥിക്ക് ഉയർന്ന പ്രായപരിധിയിൽ 10 ഉം വരെഇളവ് നൽകും എന്നുള്ള പി.എസ്.സി മാനദണ്ഡം ഇവിടെയും ബാധകമാണ്. **ഇളവിന്റെ പരമാവധി പരിധി 50 വയസ്സാണ്.**

**29. 18/11/2018 നും 08/11/2021 നും ഇടയിൽ ഉണ്ടായ ഒഴിവുകളിൽ ഭിന്നശേഷിക്കാർക്കായി മാറ്റിവച്ചതിനുശേഷമുള്ള മറ്റ് ഒഴിവുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ച് വിശദമാക്കാമോ?**

റോസ്റ്റർ പ്രകാരം നിയമിക്കേണ്ട എണ്ണം ഒഴിവുകൾ ഭിന്നശേഷി നിയമനത്തിനായി മാറ്റിവച്ചുകൊണ്ട് അതത് മാനേജർമാർ ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ അക്കാര്യവും ഒഴിവുകളുടെ നിജസ്ഥിതിയും ഉറപ്പുവരുത്തിക്കൊണ്ട് 18/11/2018 മുതൽ മാനേജർ നടത്തിയിട്ടുള്ള മറ്റ് അദ്ധ്യാപക/ അനദ്ധ്യാപകരുടെ നിയമനങ്ങൾ അവരുടെ നിയമനത്തീയതി മുതൽ തന്നെ താത്കാലികമായി(പ്രൊവിഷണൽ) അംഗീകരിക്കാവുന്നതും ശമ്പളവും അലവൻസുകളും അനുവദിക്കാവുന്നതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥിയെ ലഭ്യമാക്കി ബാക്ക് ലോഗ് പരിഹരിച്ച്

മാനേജർ നിയമിക്കുകയും, അംഗീകാരം ലഭിക്കുകയും ചെയ്യുന്ന മുറയ്ക്കോ, RPwD Act 2016 സെക്ഷൻ 34(2) പ്രകാരം നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്കോ പ്രസ്തുത കാറ്റഗറിയിൽ പ്രൊവിഷണലായി തുടരുന്ന മറ്റ് നിയമനങ്ങൾ, നിയമന തീയതി മുതൽ വിദ്യാഭ്യാസ ഓഫീസർമാർക്ക് പരിശോധിച്ച് റഗുലറൈസ് ചെയ്യാവുന്നതാണ്.

<u>**എന്നാൽ ഭിന്നശേഷി സംവരണ നിയമനം സ.ഉ(കൈ) നം 123/2025/പൊ.വി.വ ഉത്തരവ് തീയ്യതിയായ 28/06/2025 മുതൽ ജില്ലാതല സമിതി മുഖേനയാക്കിയതിനാൽ 28/06/2025 മുതൽ ഒഴിവ് റിപ്പോർട്ട് ചെയ്യേണ്ടത് സമന്വയ മുഖേനയാണ്.**</u>

**30. 18/11/2018 നും 08/11/2021 നും ഇടയിലുണ്ടായ ഒഴിവുകളിൽ 08/11/2021 ന് ശേഷം നിയമനം നടത്തിയാലും ശമ്പളസ്കെയിലിൽ നിയമനാംഗീകാരം ലഭിക്കുമോ?**

ശമ്പളസ്കെയിലിൽ പ്രൊവിഷണലായി നിയമനാംഗീകാരംലഭിക്കും.

**31. ഭിന്നശേഷിക്കാർക്കായി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകളിൽ പ്രൊവിഷണൽ നിയമനാംഗീകാരം ലഭിച്ചവർക്ക് ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭിക്കുന്നില്ലെങ്കിൽ സ്ഥിരപ്പെടുത്താവുന്നതാണോ?**

RPwD Act 2016 സെക്ഷൻ 34(2) പ്രകാരം നടപടികൾ സ്വീകരിച്ചതിന് ശേഷവും ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭിക്കാത്ത സാഹചര്യത്തിൽ, ഭിന്നശേഷിക്കാർക്കായി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകളിൽ പ്രൊവിഷണൽ നിയമനാംഗീകാരം ലഭിച്ചവരെ നിയമന തീയതിയിൽ തന്നെ സ്ഥിരപ്പെടുത്താവുന്നതാണ്.

**32. 08/11/2021 ന് ശേഷം ഉണ്ടായ ഒഴിവുകളിലെ നിയമനം എപ്രകാരം അംഗീകരിക്കാം?**

08/11/2021 ന് ശേഷം ഉണ്ടായ ഒഴിവുകളിലെ നിയമനങ്ങൾക്ക് ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകാരം നൽകാം.

**33. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ ഭിന്നശേഷി സംവരണം സംബന്ധിച്ച് വ്യക്തമാക്കാമോ?**

മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന റഗുലർ ഒഴിവുകളിൽ നിലവിൽ ദിനവേതനാടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തേണ്ടത് എന്നതിനാൽ അത്തരം നിയമനങ്ങൾക്ക് ഭിന്നശേഷി സംവരണം ബാധകമാക്കേണ്ടതില്ല.

മതിയായ എണ്ണം കുട്ടികളില്ലാത്തഎയ്ഡഡ് സ്കൂൾ പിന്നീട് മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി മാറുമ്പോൾ അത്തരം വിദ്യാലയങ്ങളിൽ 18/11/2018 മുതൽ ഉണ്ടായ ഒഴിവുകളിൽ നടത്തുന്ന നിയമനങ്ങൾക്ക് നിലവിലുള്ള ഭിന്നശേഷി സംവരണ വ്യവസ്ഥകൾ ബാധകമായിരിക്കും.എന്നാൽ ഇപ്രകാരം മതിയായ എണ്ണം കുട്ടികളുള്ളതായി മാറുന്ന വിദ്യാലയങ്ങളിൽ 18-11-2018 ന മുൻപുള്ള റഗുലർ ഒഴിവുകളിൽ നിയമിക്കപ്പെടുകയും ദിനവേതനാടിസ്ഥാനത്തിൽ അംഗീകാരത്തോടെ തുടരുകയും ചെയ്യുന്നവരുടെ നിയമനാംഗീകാരം ശമ്പള സ്കെയിലിലേക്ക് മാറ്റി ക്രമീകരിക്കുമ്പോൾ അതൊരു പുതിയ നിയമനമായി

പരിഗണിക്കേണ്ടതില്ലാത്തതിനാൽ അവരുടെ അത്തരം ക്രമീകരണങ്ങൾക്ക് ഭിന്നശേഷി സംവരണ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട്, പിന്നീട് സ്കൂളിൽ മതിയായ എണ്ണം കുട്ടികളുണ്ടായി നിയമനം ശമ്പള സ്കെയിലിലേക്ക് മാറുമ്പോഴേക്കും ഉയർന്ന പ്രായപരിധി കഴിയുന്നവരുടെ വിഷയത്തിൽ, 06.02.2021 ലെ സ.ഉ.(അച്ചടി) 4/21/പൊ.വി.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 4(7) പ്രകാരം അനുവദിച്ച ഇളവ് 2019-20 വർഷത്തിന് ശേഷവും തുടരുന്നതാണ്.

**34. 08/11/2021 ന് ശേഷമുള്ള ഒഴിവ് ബാക്ക് ലോഗ് നികത്തുന്നതിന് മാറ്റി വയ്ക്കാമോ?**

മാറ്റിവയ്ക്കാം. (കത്ത് നം ജെ ആർ 1/502/23.പൊ.വി.വ തീ.24/01/2024)

**35. അധിക തസ്തികകൾ ഭിന്നശേഷി നിയമനത്തിനായി വിട്ടുനൽകാമോ?**

05/09/2024 ലെ കത്ത് നം.ജെ.ആർ 1/585/2023/പൊ.വി.വ പ്രകാരം ഭിന്നശേഷിക്കാരെ നിയമിക്കുന്നതിനായി മറ്റ് ഒഴിവുകളൊന്നും നിലവിലില്ലെങ്കിൽ മാത്രം ചട്ടം 51 എ, ചട്ടം 43, ചട്ടം 51 ബി അവകാശികൾക്കു വിധേയമായി സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടതായ, അധിക തസ്തികകളിൽ ഭിന്നശേഷിയുള്ളവരെ മാനേജർ നിയമിച്ചാൽ, പ്രസ്തുത നിയമനം മറ്റു വിധത്തിൽ ക്രമ പ്രകാരമെങ്കിൽ, ആയതിന് അംഗീകാരം നൽകാവുന്നതാണ്. ഇതിനായി മറ്റ് ഒഴിവുകളൊന്നും തന്നെ ലഭ്യമല്ല എന്ന സത്യപ്രസ്താവന മാനേജർ സമർപ്പിക്കേണ്ടതും ആയത് വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. ഈ കത്ത് തീയ്യതി വരെ അംഗീകാരം നൽകിയ കേസുകൾ പുനഃപരിശോധിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**36. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിക്വിസിഷനുകൾ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന നൽകേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എന്നു മുതൽ?**

10/09/2024 ലെ സർക്കാർ കത്ത് നം ജെആർ 1/304/2024-പൊ.വി.വ പ്രകാരം മാനേജർമാർ എംപ്ലോയ്മെന്റിലേക്ക് നൽകുന്ന റിക്വിസിഷനുകൾ സർക്കാർ ഉത്തരവിന്റെ തീയതിയായ 10/09/2024 മുതൽ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ /ആർ.ഡി.ഡി /എ.ഡി മുഖേന സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

<u>**എന്നാൽ ഭിന്നശേഷി സംവരണ നിയമനം സ.ഉ(കൈ) നം 123/2025/പൊ.വി.വ ഉത്തരവ് തീയ്യതിയായ 28/06/2025 മുതൽ ജില്ലാതല**</u>

**സമിതി മുഖേനയാക്കിയതിനാൽ 28/06/2025 മുതൽ ഒഴിവ് റിപ്പോർട്ട് ചെയ്യേണ്ടത് സമന്വയ മുഖേനയാണ്.**

**37. താത്കാലിക നിയമനം (പ്രൊവിഷണൽ/ദിവസവേതനം) ലഭിച്ച ജീവനക്കാർക്ക് അതെ മാനേജ്മെന്റിന് കീഴിലുള്ള മറ്റ സ്കൂളുകളിലെ വ്യവസ്ഥാപിത ഒഴിവുകളിലേക്ക് സ്ഥലംമാറ്റം അനുവദിക്കാമോ?**

01/10/2024 ജെ.ആർ 1/397/2024/പൊ.വി.വ സർക്കാർ കത്ത് പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ, താത്കാലിക നിയമനം (പ്രൊവിഷണൽ / ദിവസവേതനം) ലഭിച്ച ജീവനക്കാർക്ക് അതെ മാനേജ്മെന്റിന് കീഴിലുള്ള മറ്റ സ്കൂളുകളിലെ വ്യവസ്ഥാപിത ഒഴിവുകളിലേക്ക്

നിലവിലുള്ള രീതിയിൽ തന്നെ (പ്രൊവിഷണൽ / ദിവസവേതനം) തുടരുമെന്ന വ്യവസ്ഥയിൽ സ്ഥലം മാറ്റം അനുവദിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**38. പ്രൊവിഷണൽ നിയമനാംഗീകാരം ലഭിച്ചവർക്ക് പെൻ (PEN), കെ.എ.എസ്.ഇ.പി.എഫ് അംഗത്വം എന്നിവ നൽകാമോ?**

03/04/2024 –ജെ ആർ 1/562/2023/പൊ.വി.വ സർക്കാർ കത്ത് പ്രകാരം, എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് പ്രൊവിഷണലായി ശമ്പളസ്കെയിലിൽ നിയമനാംഗീകാരം ലഭിച്ച ജീവനക്കാർക്ക് പെൻ **(PEN)**അനുവദിക്കുന്നതിനും, കെ.എ.എസ്.ഇ.പി.എഫ് അംഗത്വം നൽകുന്നതിനും അനുമതി നൽകി നിർദ്ദേശം പറപ്പെടുവിച്ചിട്ടുണ്ട്.

**39. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ സേവനത്തിനിടയിൽ ഭിന്നശേഷിത്വം സംഭവിക്കുന്ന ജീവനക്കാരന്റെ നിയമനം, ഭിന്നശേഷി സംവരണം പാലിച്ച നിയമനമായി നിലവിലെ നിയമ പ്രകാരം കണക്കാക്കുവാൻ സാധിക്കുമോ?**

**08/12/2024** ലെ – ജെ ആർ **1/502/2023**–പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ സേവനത്തിനിടയിൽ ഭിന്നശേഷിത്വം സംഭവിക്കുന്ന ജീവനക്കാരന്റെ നിയമനം ഭിന്നശേഷി സംവരണം പാലിച്ച നിയമനമായി നിലവിലെ നിയമ പ്രകാരം കണക്കാക്കുവാൻ സാധിക്കുകയില്ല.

**40. ഭിന്നശേഷി സംവരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് സ്കൂളിൽ പ്രൊവിഷണലായി ശമ്പള സ്കെയിലിൽ നിയമനം ലഭിച്ച യോഗ്യരായ ജീവനക്കാർക്ക് ചട്ടം 43 അവകാശത്തിനു അർഹതയുണ്ടോ?**

**19/12/2024** ലെ ജെ ആർ **1/336/2024**/പൊ.വി.വ നമ്പർസർക്കാർ കത്ത് പ്രകാരം, പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ച ജീവനക്കാരുള്ള സ്കൂളുകളിൽ/അതത് മാനേജ്മെന്റിൽ ഉയർന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ സീനിയോറിറ്റി അനുസരിച്ച് പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ചവരാണ്

അർഹരാകുന്നതെങ്കിൽ അവർക്ക് ഉയർന്ന തസ്തികകളിലേക്ക് ചട്ടം 43 അവകാശം ഉള്ളതായി കണക്കാക്കി പ്രൊവിഷണലായി നിയമനാംഗീകാരവും തസ്തികയിലെ ശമ്പളവും അനുവദിക്കാനും പരിണത ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് ഒഴിവ് വരുന്ന തീയതി പരിഗണിച്ച് പ്രൊവിഷണലായോ, ദിവസവേതനാടിസ്ഥാനത്തിലോ, ഏതാണോ ബാധകമാകുന്നത്, അപ്രകാരവും നിയമനാംഗീകാരം നൽകാവുന്നതാണ്. ഈ വ്യവസ്ഥ ഹയർസെക്കന്ററി വരെയുള്ള വിഭാഗങ്ങൾക്ക് ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**41. ഭിന്നശേഷി സംവരണ നിയമങ്ങൾക്ക് അനുസൃതമായി, എയ്ഡഡ് സ്കൂളുകളിൽ ശമ്പള സ്കെയിലിൽ പ്രൊവിഷണൽ ആയി നിയമനം ലഭിച്ചവർ പുറത്തു പോയാൽ, പി.എഫ് അക്കൗണ്ട് തുടങ്ങാൻ നിർവാഹമില്ലാത്ത സാഹചര്യത്തിൽ അവരുടെ ശമ്പള കുടിശ്ശിക പണമായി നൽകാമോ?**

13.01.2025 ലെ - ജെ ആർ **1/444/2024**-പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം, ഭിന്നശേഷി സംവരണ നിയമങ്ങൾക്ക് അനുസൃതമായി, ബഹു.കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശമ്പള സ്കെയിലിൽ പ്രൊവിഷണൽ ആയി നിയമനം ലഭിച്ചവർ പുറത്തു പോയാൽ, അവരുടെ ശമ്പള കുടിശ്ശിക, പി.എഫ് അക്കൗണ്ട് തുടങ്ങാൻ നിർവാഹമില്ലാത്ത സാഹചര്യത്തിൽ, പണമായി നൽകാവുന്നതാണ്.

**42. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകുന്നവരുടെ ശമ്പള കുടിശ്ശിക പണമായി നൽകാമോ?**

03.05.2024 ലെ ജെ.ആർ 1/147/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകിയ ജീവനക്കാർക്ക്പി.എഫ് അക്കൗണ്ട് തുടങ്ങാൻ സാഹചര്യമില്ലാത്തതിനാൽ അവരുടെ ശമ്പള കുടിശ്ശിക പണമായി നൽകാവുന്നതാണ്.

**43. സ്പെഷ്യൽ സ്കൂൾ തസ്തികകൾ ഭിന്നശേഷി സംവരണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ?**

29.04.2024 ലെ ജെ ആർ 1/129/2023– പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം സ്പെഷ്യൽ സ്കൂൾ തസ്തികകൾ ഭിന്നശേഷി സംവരണത്തിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

**44. ഭിന്നശേഷി സംവരണ വ്യവസ്ഥ പാലിക്കാത്ത മാനേജ്മെന്റുകളിൽ ഇന്റർ മാനേജ്മെന്റ് സ്ഥലംമാറ്റം അനുവദനീയമാണോ ?**

റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കുകയും ആയത് വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിച്ച് നൽകുകയും ചെയ്യുന്നതുവരെ ഇന്റർ മാനേജ്മെന്റ് സ്ഥലംമാറ്റം അനുവദിക്കേണ്ടതില്ലെന്ന് 17/06/2023 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്2/295299/2021/ഡി.ജി.ഇ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

**45. ഭിന്നശേഷി സംവരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് സ്കൂളുകളിൽ, 08.11.2021 ന ശേഷമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം ലഭിച്ച യോഗ്യരായ ജീവനക്കാർക്ക് ഉയർന്ന തസ്തികകളിൽ നിയമനാവകാശത്തിനു അർഹതയുണ്ടോ?**

22.05.2025 ലെ –ജെ.ആർ 1/578/2024–പൊ.വി.വ നമ്പർ സർക്കാർ കത്ത്, 01.06.2025 ലെ ഡി.ജി.ഇ/15133/2023–എച്ച്2 നമ്പർ പുറത്തെഴുത്ത് എന്നിവ പ്രകാരം ഭിന്നശേഷി സംവരണ നിയമവുമായി ബന്ധപ്പെട്ട് 08.11.2021 ന ശേഷമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ച ജീവനക്കാരുള്ള സ്കൂളുകളിൽ/അതത് മാനേജ്മെന്റിൽ വ്യവസ്ഥാപിതമായ ഉയർന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ചവരാണ് സ്ഥാനക്കയറ്റത്തിനു അർഹരാകുന്നതെങ്കിൽ, അവരെ ഉയർന്ന തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുവാനും ഇതിനോടകം അപ്രകാരം നിയമിക്കപ്പെട്ടവർക്ക് അംഗീകാരം നൽകുന്നതിനും പരിണത ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് ഒഴിവു വരുന്ന തീയതി പരിഗണിച്ച് നിയമനാംഗീകാരം നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭിന്നശേഷി സംവരണ നിയമ പ്രകാരം ആവശ്യമായ ഒഴിവുകൾ ഭിന്നശേഷി നിയമനത്തിനു മാറ്റി വച്ചിട്ടുള്ള മാനേജ്മെന്റുകളിൽ മാത്രമേ ഇത്തരത്തിൽ അംഗീകാരം നൽകേണ്ടതുള്ളു എന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, നിരസിക്കപ്പെട്ടതോ/അപ്പീൽ/റിവിഷൻ അപ്പീൽ നിലവിലുള്ളതോ ആയ കേസുകൾ അപ്പലേറ്റ് ഉത്തരവിന് കാത്തു നിൽക്കാതെ തന്നെ ചട്ട പ്രകാരം

പുനഃപ്പരിശോധിച്ച് ഉചിതമായ ഉത്തരവ് പുറപ്പെട്ടുവിക്കുവാൻ എല്ലാ വിദ്യാഭ്യാസ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**46. സ്പെഷലിസ്റ്റ് അദ്ധ്യാപക തസ്തിക ഭിന്നശേഷി സംവരണത്തിന് ഏത് കാറ്റഗറിയിൽ ഉൾപ്പെടുന്നെന്ന് വ്യക്തമാക്കാമോ ?**

യു.പി. വിഭാഗത്തിലെ സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക ഭിന്നശേഷി സംവരണത്തിനായി നൽകുന്ന പക്ഷം കാറ്റഗറി-1 ലും, ഹൈസ്കൂൾ വിഭാഗത്തിലെ സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക ഭിന്നശേഷി സംവരണത്തിനായി നൽകുന്ന പക്ഷം അത് കാറ്റഗറി-2 ലും ആണ് ഉൾപ്പെടുത്തേണ്ടത് എന്ന് 18/06/2025 ലെ ജെ.ആർ 1/565/2024- സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

**47. 30.10.2023, 27.01.2025 എന്നീ തീയതികളിലെ ബഹു.സുപ്രീം കോടതിയുടെ എസ്.എൽ.പി(സി) 9566/2023 നമ്പർ ഹർജിയിലേയും അനുബന്ധ കേസുകളിലേയും ഇടക്കാല ഉത്തരവുകൾ പ്രകാരം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?**

(i) 24/03/2025 ലെ സ.ഉ(കൈ) 45/2025/പൊ.വി.വ നമ്പർ ഉത്തരവ്, 08.04.2025 ലെ ഡി.ജി.ഇ/15133/2023-എച്ച്2-പാർട്ട്(1) നമ്പർ പുറത്തെഴുത്ത് എന്നിവ പ്രകാരം ബഹു. സുപ്രീം കോടതിയുടെ എസ്.എൽ.പി.(സി) 9566/2023, ഉൾപ്പെടെയുള്ള അനുബന്ധ കേസുകളിലെയും 30/10/2023, 27/01/2025 തീയതികളിലെ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശിപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും ചുമതലകൾ നിശ്ചയിച്ചുകൊണ്ടും തെരഞ്ഞെടുപ്പ് പ്രക്രിയ സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ii) 28.06.2025 ലെ സർക്കാർ ഉത്തരവ്(കൈ)നമ്പർ 123/2025/പൊ.വി.വ പ്രകാരം, 30.10.2023, 27.01.2025 എന്നീ തീയതികളിലെ ബഹു.സുപ്രീം കോടതിയുടെ എസ്.എൽ.പി(സി) 9566/2023 നമ്പർ ഹർജിയിലേയും അനുബന്ധ കേസുകളിലേയും ഇടക്കാല ഉത്തരവുകൾ അനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ളതും യോഗ്യതയുള്ളതുമായ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്ത് നിയമന ശിപാർശ ചെയ്യുന്നതിനായി രൂപീകരിച്ച സംസ്ഥാനതല, ജില്ലാതല സമിതികളുടെ പ്രവർത്തനത്തിനു ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ

പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദ്ദേശം (3) ന്റെ വെളിച്ചത്തിൽ, 10.07.2025 ലെ ഡി.ജി.ഇ/13618/2025-എച്ച്2-പാർട്ട്(1) നമ്പർ സർക്കുലർ പ്രകാരം, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം സുതാര്യമായും സുഗമമായും നടപ്പിലാക്കുന്നതിനും നിയമന ശിപാർശ നൽകുന്നതിനുമായി എംപ്ലോയ്മെന്റ് ഡയറക്ടർ, വിദ്യാഭ്യാസ അധികാരികൾ, കൈറ്റ്, സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മാനേജർമാർ എന്നിവർക്ക് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

48. **24/03/2025 ലെ സ.ഉ(കൈ) 45/2025/പൊ.വി.വ നമ്പർ ഉത്തരവ്, 28.06.2025 ലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ 123/2025/പൊ.വി.വ എന്നിവ പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ് ?**

പൊതുവിദ്യാഭ്യാസ ഡയറക്ടർ - **ചെയർമാൻ**
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) - **കൺവീനർ**

**<u>അംഗങ്ങൾ</u>**

a) സീനിയർ ലോ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്.
b) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്.
c) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്. (ഹയർ സെക്കന്ററി വിഭാഗം)
d) അഡീഷണൽ ഡയറക്ടർ /ജോയിന്റ് ഡയറക്ടർ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്.
e) ജോയിന്റ് ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം.
f) ഡെപ്യൂട്ടി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം.
g) ഡെപ്യൂട്ടി ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.

49. **24/03/2025 ലെ സ.ഉ(കൈ) 45/2025/പൊ.വി.വ നമ്പർ ഉത്തരവ്, 28.06.2025 ലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ 123/2025/പൊ.വി.വ എന്നിവ പ്രകാരം രൂപീകരിച്ച ജില്ലാതല സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ്?**

<u>1. പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങൾക്ക്</u>

a) വിദ്യാഭ്യാസ ഉപ ഡയറക്ടർ-കൺവീനർ
b) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് അംഗം

c) ബന്ധപ്പെട്ട ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ –അംഗം

2. ഹയർ സെക്കന്ററി വിഭാഗം (2 ജില്ലകൾ വീതം)

a) റീജിയണൽ ഡയറക്ടർ, ഹയർ സെക്കൻഡറി– കൺവീനർ
b) സർക്കാർ അംഗീകരിച്ച പാനലിൽ നിന്നും ഒരു ഗവണ്മെന്റ് നോമിനി അംഗം.
c) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് അംഗം.

3. വൊക്കേഷണൽ ഹയർ സെക്കന്ററി (2 ജില്ലകൾ വീതം)

a) അഡീഷണൽ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി – കൺവീനർ
b) സർക്കാർ അംഗീകരിച്ച പാനലിൽ നിന്നും ഒരു ഗവണ്മെൻ്റ് നോമിനി അംഗം.
c) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് – അംഗം

**50. സംസ്ഥാനതല, ജില്ലാതല സമിതികളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും എന്തെല്ലാമാണ് ?**

(1) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്ന ശേഷി നിയമനത്തിനായി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് ജില്ലാ സ്പെഷ്യൽ എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ പട്ടിക ലഭ്യമാക്കി യോഗ്യരായ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു റാങ്ക് ലിസ്റ്റ് തയാറാക്കി, പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും സമന്വയ പോർട്ടൽ മുഖേന ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശിപാർശ ചെയ്യുക.

(2) ഒഴിവുകൾ നികത്തുന്നതിനായി കൃത്യമായി തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുക.

(3) നിയമന പുരോഗതി സംസ്ഥാനതല സമിതിയ്ക്ക് ജില്ലാതലസമിതി യഥാസമയം റിപ്പോർട്ട് ചെയ്യുക.

**51. ജില്ലാതല സമിതികളിലൂടെയുള്ള ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാനേജർമാർ എപ്രകാരമാണ് ഒഴിവ് റിപ്പോർട്ട് ചെയ്യേണ്ടത്?**

ബഹു.കോടതി ഉത്തരവുകളുടെയും സർക്കാർ മാർഗനിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ

എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാരുടെ നിയമനത്തിനായി, മാനേജർമാർ വ്യവസ്ഥാപിതമായ ഒഴിവുകൾ മാറ്റി വെച്ചുകൊണ്ട് റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കേണ്ടതും, ഇപ്രകാരം നീക്കി വെച്ചിട്ടുള്ള ഒഴിവുകൾ സമയ ബന്ധിതമായി സമന്വയ പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്. (റോസ്റ്റർ പൂർത്തിയാക്കിയിട്ടില്ലെങ്കിലും ഒഴിവ് റിപ്പോർട്ട് ചെയ്യാവുന്നതാണ്.)

**52. മാനേജർമാർ സമന്വയ മുഖേന റിപ്പോർട്ട് ചെയ്ത ഒഴിവുകളിന്മേൽ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ട നടപടി എന്താണ്?**

എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിനായി മാനേജർമാർ മാറ്റി വെച്ച് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ചട്ടപ്രകാരം വ്യവസ്ഥാപിതമാണോ എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ 15 ദിവസത്തിനുള്ളിൽ പരിശോധിച്ച് ഉറപ്പ് വരുത്തി സമന്വയയിൽ കൺഫേം ചെയ്ത് ജില്ലാതല സമിതിയിലേക്ക് അയക്കേണ്ടതാണ്. വ്യവസ്ഥാപിതമല്ലാത്ത ഒഴിവ് നീക്കിവച്ച് മാനേജർ അപേക്ഷ സമർപ്പിക്കുന്ന സാഹചര്യത്തിൽ, അത്തരം അപേക്ഷ തിരികെ നൽകേണ്ടതും, ഒഴിവ് വ്യവസ്ഥാപിതമാകുന്ന അല്ലെങ്കിൽ മറ്റ് ഒഴിവ് ലഭ്യമാകുന്ന മുറക്ക് മേൽ അപേക്ഷ പുനഃസമർപ്പിക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

**53. ഭിന്നശേഷി നിയമനത്തിനായി റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് ജില്ലാതല സമിതി നിയമന ശിപാർശ നൽകുന്ന നടപടിക്രമം വ്യക്തമാക്കാമോ?**

ഭിന്നശേഷി നിയമനത്തിനായി വിവിധ എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ നീക്കിവച്ചിരിക്കുന്ന ഒഴിവുകൾ ജില്ലാടിസ്ഥാനത്തിൽ ഒരു യൂണിറ്റായി പരിഗണിച്ചുകൊണ്ട് ഒഴിവുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ/റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ/അഡീഷണൽ ഡയറക്ടർമാർ സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളിൽ നിന്നും കാറ്റഗറി അടിസ്ഥാനത്തിൽ യോഗ്യരായ ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളുടെ പട്ടിക ലഭ്യമാക്കി തിരഞ്ഞെടുപ്പ് നടപടികൾ നടത്തേണ്ടതാണ്. എയ്ഡഡ് സ്കൂളുകളിൽ നിയമിക്കുന്നതിനായി ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കേണ്ടതും ഒഴിവുകളിലേക്ക് നിയമനത്തിന് അർഹതയുള്ള ഉദ്യോഗാർത്ഥികളുടെ ജില്ല തിരിച്ചുള്ളതും വിഭാഗം തിരിച്ചുള്ളതുമായ റാങ്ക് പട്ടിക തയാറാക്കി നിയമന ശിപാർശ സമന്വയ മുഖേന നൽകേണ്ടതുമാണ്.

ജില്ലാതല സമിതി ശിപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ നിയമിക്കേണ്ടത് എയ്ഡഡ് സ്കൂൾ മാനേജർമാരുടെ നിയമപരമായ ബാധ്യതയാണ്. ശിപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കാത്ത പക്ഷം, റാങ്ക് പട്ടികയിൽ നിന്നും അതേ വിഭാഗത്തിലെ അടുത്ത ഉദ്യോഗാർത്ഥിയെ ശിപാർശ ചെയ്യേണ്ടതാണ്.

54. **28.06.2025 ലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ 123/2025/പൊ.വി.വ പ്രകാരം എന്ന് മുതലാണ് ജില്ലാതല സമിതി മുഖേന നിയമന ശിപാർശ നൽകുന്നത് ?**

സ.ഉ(കൈ) നമ്പർ 123/2025/പൊ.വി.വ ഉത്തരവ് തീയ്യതിയായ 28-06-2025 മുതൽ, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലേക്ക് യോഗ്യതയുള്ള ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്ത് ശിപാർശ ചെയ്യുന്നത് ജില്ലാ തല സമിതികളായിരിക്കും.

55. **ജില്ലാതല സമിതി മുഖേനയല്ലാതെഏത് തീയ്യതി വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുള്ള ഭിന്നശേഷി നിയമനങ്ങൾ അംഗീകരിക്കാം?**

28-06-2025 ലെ സ.ഉ(കൈ) നമ്പർ 123/2025/പൊ.വി.വ ഉത്തരവ് പ്രകാരം 28-06-2025 തീയതിയ്ക്ക് മുൻപ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി ഭിന്നശേഷി ഉദ്യോഗാർത്ഥികളെ മാനേജർമാർ നിയമിച്ച് നിയമനാംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളിൽ ചട്ടപ്രകാരം നിയമനാംഗീകാരം നൽകുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

56. **28-06-2025 ന് മുമ്പ് സ്പെഷ്യൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലേക്ക് റിക്വിസിഷൻ സമർപ്പിക്കപ്പെട്ട് ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്ത കേസുകളിൽ മാനേജർമാർ ജില്ലാതല സമിതിയിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതുണ്ടോ?**

28-06-2025 ന് മുമ്പ്സ്പെഷ്യൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലേക്ക് റിക്വിസിഷൻ സമർപ്പിക്കപ്പെട്ട് ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്ത കേസുകളിൽ, മാനേജർ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാതല സമിതിയ്ക്ക് സമന്വയ മുഖേന ഒഴിവ് റിപ്പോർട്ട് ചെയ്യേണ്ടതും ബന്ധപ്പെട്ട രേഖകൾ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

57. **28-06-2025 ന് മുമ്പ് സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്ത് നികത്തപ്പെട്ട ഒഴിവുകളുടെ വിവരം മാനേജർമാർ സമന്വയയിൽ രേഖപ്പെടുത്തേണ്ടതുണ്ടോ ?**

28-06-2025 ന് മുമ്പ് സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിവരവും ആയതിൽ നടത്തിയ നിയമനങ്ങൾ സംബന്ധിച്ച വിവരവും, മാനേജർമാർ സമന്വയയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

58. **ജില്ലാതല സമിതി മുഖേന ഭിന്നശേഷി ഉദ്യോഗാർത്ഥിനിയമനം നടത്തുമ്പോൾ, നിയമനത്തിനുള്ള പ്രായപരിധി നിശ്ചയിക്കുന്നത് എപ്രകാരമാണ് ?**

ജില്ലാതല സമിതി സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് ഉദ്യോഗാർത്ഥികളെ ആവശ്യപ്പെടുന്ന വർഷം ജനുവരി ഒന്നാം തീയതി കണക്കാക്കി ഉദ്യോഗാർത്ഥികളുടെ പ്രായപരിധി നിശ്ചയിക്കുന്നതാണ്.

59. **ജില്ലാതല സമിതി മുഖേന ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശ നൽകുമ്പോൾ പാലിക്കേണ്ട മാനദണ്ഡമെന്തെല്ലാമാണ്?**

ഉദ്യോഗാർത്ഥികളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കേണ്ടതും ഉദ്യോഗാർത്ഥിയുടെ പ്രിഫറൻസ് (താല്പര്യമുള്ള സ്കൂൾ/പ്രദേശം തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണന) അനുസരിച്ച് കഴിയുന്നിടത്തോളം സൗകര്യപ്രദമായി നിയമന ശിപാർശ നൽകേണ്ടതുമാണ്. മുൻഗണന പരിഗണിക്കുമ്പോൾ, ഒന്നിലധികം ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ഒരേ ഒഴിവ് തന്നെ ആവശ്യപ്പെടുന്ന സാഹചര്യം ഉണ്ടായാൽ, അവരുടെ ഭിന്നശേഷി നിയമപ്രകാരമുള്ള റൊട്ടേഷൻ വ്യവസ്ഥകൾക്കനുസൃതമായി **എംപ്ലോയ്മെൻറ് രജിസ്ട്രേഷൻ സീനിയോറിറ്റിയാണ്** മാനദണ്ഡമാക്കേണ്ടത്. മുൻഗണന ഒഴിവുകൾ പ്രത്യേകിച്ച് പരാമർശിച്ചിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾക്ക്, മാനേജർമാർ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ സീനിയോറിറ്റിയാണ് പരിഗണിക്കുന്നത്

60. **നിയമന ശിപാർശ ലഭിച്ച് എത്ര ദിവസത്തിനകം മാനേജർ ഭിന്നശേഷി ഉദ്യോഗാർത്ഥിക്ക് നിയമന ഉത്തരവ് നൽകണം ? നിയമനാംഗീകാര പ്രൊപ്പോസലിൽ വിദ്യാഭ്യാസ ഓഫീസർമാർ എപ്രകാരമാണ് തുടർനടപടി സ്വീകരിക്കേണ്ടത്?**

നിയമന ശിപാർശ ലഭിച്ച് 15 ദിവസത്തിനകം ഭിന്നശേഷി ഉദ്യോഗാർത്ഥിക്ക് മാനേജർ നിയമന ഉത്തരവ് സമന്വയ മുഖേന നൽകേണ്ടതാണ്. നിയമനാംഗീകാരത്തിനുള്ള പ്രപ്പോസൽ സമന്വയ മുഖേന സമയബന്ധിതമായി വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ഇപ്രകാരമുള്ള നിയമനാംഗീകാര പ്രപ്പോസലുകളിൽ, സർട്ടിഫിക്കറ്റുകളുടെ ജെന്യൂൻനെസ് ആവശ്യമെങ്കിൽ പരിശോധിച്ച് കെ.ഇ.ആർ പ്രകാരമുള്ള സമയപരിധി പാലിച്ച് തന്നെ നിയമനാംഗീകാരം നൽകേണ്ടതുമാണ്.

61. **സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പട്ടികയിൽ ഉൾപ്പെട്ടിട്ടും തിരഞ്ഞെടുപ്പിൽ പങ്കെടുക്കാത്തവരും, നിയമന ശിപാർശ ലഭിച്ചിട്ടും ജോലിയിൽ പ്രവേശിക്കാത്തവരുമായ ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കാമോ ?**

സ്പെഷ്യൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാകുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടും തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കാത്തവരുടെയും നിയമനത്തിന് ശുപാർശ ലഭിച്ചിട്ടും ജോലിയിൽ പ്രവേശിക്കാത്തവരുടെയും വിശദാംശങ്ങൾ ജില്ലാതല സമിതി ലഭ്യമാക്കി ആവശ്യമായ തുടർനടപടികൾക്കായി എംപ്ലോയ്മെന്റ് ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ എന്നിവരെ അറിയിക്കേണ്ടതാണ്.

62. **പ്രൈമറി/ഹൈസ്കൂൾ വിഭാഗങ്ങളിലേക്ക് അനധ്യാപക വിഭാഗത്തിലേക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുന്നത് ആരാണ്?**

പ്രൈമറി/ഹൈസ്കൂൾ വിഭാഗങ്ങളിലേക്ക് ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ജില്ലാതല സമിതികൾ തന്നെ അനധ്യാപക വിഭാഗത്തിലേക്കുള്ള തെരഞ്ഞെടുപ്പ് നടപടികളും സ്വീകരിക്കേണ്ടതാണ്.

63. **ഭിന്ന ശേഷി നിയമനത്തിനായി സിംഗിൾ/കോർപ്പറേറ്റ് മാനേജ്മന്റ് സ്കൂളുകളിൽ എപ്രകാരമാണ് ഒഴിവുകൾ കണക്കാക്കുന്നത്?**

സിംഗിൾ മാനേജ്മന്റ് സ്കൂളുകളിൽ 07.02.1996 മുതൽ 18.04.2017 വരെ 3 ശതമാനവും, 19.04.2017 മുതൽ 4 ശതമാനവും ബാക്ലോഗ് ആയി കണക്കാക്കി ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭ്യമാക്കി ഭിന്ന ശേഷി നിയമനം നടത്തേണ്ടതും ,കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളെയും ഒറ്റ യൂണിറ്റ് ആയി കണക്കാക്കി 07.02.1996 മുതൽ 8.04.2017 വരെ 3 ശതമാനവും 19.04.2017

മുതൽ 4 ശതമാനവും ബാക്‌ലോഗ് ആയി കണക്കാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭ്യമാക്കി ഭിന്ന ശേഷി നിയമനം നടത്തേണ്ടതാണ്. 28.06.2025 മുതൽ ഭിന്ന ശേഷി നിയമനത്തിനായി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കേണ്ടത് ജില്ലാ തല സമിതികളാണ്. അതാത് വിഭാഗങ്ങളിൽ ഓരോ ജില്ലയിലും റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ ഒറ്റ യൂണിറ്റ് ആയി കണക്കാക്കി കൊണ്ടാണ് തിരഞ്ഞെടുപ്പ് നടപടികൾ നടത്തുന്നത്.

----------------------------------------------------------------------------------------------------
-----------------

**Annexure: Date-Wise List of GOs, Circulars, and Letters**

**(Disability Reservation in Aided Schools – Kerala)**

| Sl. No. | No. & Date | Description |
|---|---|---|
| 1 | G.O.(P) No.61/12/SWD - 17/10/2012 | Identified posts suitable for PwDs in aided schools/colleges. |
| 2 | G.O.(P) No.1/2013/SJD - 03/01/201\ | Guidelines on identifying posts for reservation. |
| 3 | G.O.(P) No.30/13/SJD - 04/04/2013 | Further directives for disability-suitable posts. |
| 4 | G.O.(P) No.1/2015/SJD - 05/01/2015 | Continued identification of eligible posts. |
| 5 | G.O.(MS) No.155/16/GEDN - 09/09/2016 | Ensured 3% reservation per PwD Act, 1995. |
| 6 | G.O.(P) No.18/2018/SJD - 18/11/2018 | Directed reservation from 1996, 3% & 4%, identify backlog. |
| 7 | G.O.(P) No.5/2019/SJD - 07/05/2019 | Clarified eligible posts in aided institutions. |
| 8 | G.O.(P) No.19/2020/SJD - 25/08/2020 | Clarified teaching/non-teaching posts eligible for PwD reservation. |
| 9 | Letter No. H2/19500/2019/DGE - 06/09/2021 | Directed processing of proposals, later stayed. |
| 10 | G.O.(P) No.19/2021/GEDN - 08/11/2021 | Fill backlog: 3% (1996–2017), 4% (afterwards) via Employment Exchange. |
| 11 | G.O.(MS) No.111/2022/GEDN - 25/06/2022 | Guidelines for backlog/reservation from 1996. |
| 12 | G.O.(MS) No.162/2022/GEDN - 19/09/2022 | Changed reference date to 18/11/2018. |

| Sl. No. | No. & Date | Description |
|---|---|---|
| 13 | GO(P) No. 7/2022/SJD Dated-08/10/2022 | Continued identification of eligible posts. |
| 14 | Circular No. H2/295299/2021/DGE - 23/11/2022 | Guidelines for roster prep and appointment approvals. |
| 15 | Letter No. H2/295299/2021/DGE - 25/01/2023 | Roster preparation through Samanwaya. |
| 16 | G.O.(MS) No.29/2023/GEDN - 24/03/2023 | Guidelines for RPWD Reservation and appointment approvals. |
| 17 | Letter No. H2/295299/2022/DGE - 31/03/2023 | Roster preparation through Samanwaya. And appointment of RPWD |
| 18 | Letter No. H2/295299/2021/DGE – 25/04/2023 | Modification of circular dated 31/03/2023 |
| 19 | G.O.(MS) No.51/2023/GEDN - 02/05/2023 | Exempted daily wage reservation when student count is low. |
| 20 | Letter No. H2/295299/2021/DGE - 17/06/2023 | Roster Confirmation-Guidelines |
| 21 | G.O.(P) No.74/2023/GEDN - 09/06/2023 | Reduced newspaper ad count for PwD vacancies. |
| 22 | Letter No. H2/295299/2021/DGE - 17/06/2023 | Guidelines for RPWD Reservation and appointment approvals. |
| 23 | GO(P) No. 5/2023/SJD Dated-01/10/2023 | Continued identification of eligible posts. |
| 24 | Circular No. DGE/15133/2023-H2 Dt.06/10/2023 | Implementation of RPWD Reservation- Employment |

| Sl. No. | No. & Date | Description |
|---|---|---|
| | | Reporting |
| 25 | **Letter No. JR1/502/2023/GEDN - 01/11/2023** | Approve daily wage/provisional (2018–2021) subject to court orders. |
| 26 | **Letter No. JR1/502/2023/GEDN - 24/01/2024** | Post-2021 vacancies can fill 2018–2021 backlog. |
| 27 | Circular No. DGE/15133/2023-H2 Dt.03/02/2024 | Implementation of RPWD Reservation-Further Directions |
| 28 | **GO(P) No. 5/2024/SJD Dated-07/02/2024** | Continued identification of eligible posts. |
| 29 | **Letter No. JR1/562/2023/GEDN - 03/04/2024** | Allowed PEN & PF for provisional staff. |
| 30 | **Letter No. JR1/502/2023/GEDN - 06/05/2024** | Guidelines for RPWD Reservation and appointment approvals. |
| 31 | **Letter No. JR1/585/2023/GEDN - 05/09/2024** | Protected teachers can be posted if no other vacancy. |
| 32 | **Circular No. JR1/304/2024/GEDN - 10/09/2024** | Defined recruitment year from date of reporting to Exchange. |
| 33 | **Letter No. JR1/397/2024/GEDN - 01/10/2024** | Transfer of provisional/daily wage staff within management. |
| 34 | **GO(P) No. 13/2024/SJD Dated-17/10/2024** | Continued identification of eligible posts. |
| 35 | **Letter No. JR1/502/2023/GEDN - 08/12/2024** | Clarified acquired disability in service not countable under quota. |
| 36 | **Letter No. JR1/336/2024/GEDN - 19/12/2024** | Provisional promotions allowed as per seniority. |

| Sl. No. | No. & Date | Description |
|---|---|---|
| 37 | **Letter No. GIS.2/62/2024 - 03/01/2025** | Finance Dept. approval for GIS membership. |
| 38 | **Letter No. JR1/444/2024/GEDN - 13/01/2025** | Salary arrears in cash where PF not possible. |
| 39 | **Circular No. DGE/15133/2023/H2-Part(1) - 22/02/2025** | GIS and provisional promotion guidelines. |
| 40 | **Letter No. 3048354/Esta.D3/7/2025/Finance - 11/03/2025** | Allowed SLI and GPAIS for staff with PEN. |
| 41 | **Letter No. JR1/3/2025/GEDN - 25/03/2025** | Vacancy non-reservation after 18/11/2018 not valid reason for rejection. |
| 42 | **G.O.(MS) No.45/2025/GEDN - 24/03/2025** | Formed committees for PwD reservation. |
| 43 | **Letter No. DGE/15133/2023/H2 - 29/03/2025** | Directed rechecking of rejections without appellate orders. |
| 44 | **Letter No. DGE/15133/2023/H2-Part(1) - 08/04/2025** | Reinforced rechecking of pending cases. |
| 45 | **Letter No. JR1/140/2025/GEDN - 04/05/2025** | Priority in additional posts for displaced provisional staff. |
| 46 | **Letter No. DGE/7756/2025/H2 - 20/05/2025** | Daily wage in PwD vacancy allowed if no PwD candidate. |
| 47 | **Letter No. DGE/15133/2023/H2 - 20/05/2025** | Reinforced priority to affected staff. |
| 48 | **Letter No. JR1/578/2024/GEDN - 22/05/2025** | Daily wage promotions allowed post-2021 subject to PwD rules. |
| 49 | Letter No GE-JR1/565/2024-G.EDN 18/06/2025 | Specialist Post- HS and UP |

| Sl. No. | No. & Date | Description |
|---|---|---|
| | | Clarification |
| 50 | **G.O.(MS) No.123/2025/GEDN - 28/06/2025** | Detailed guidelines for committees. |
| 51 | **Circular No. DGE/13618/2025/H2-Part(1) - 10/07/2025** | Final implementation guidelines for transparency. |